
ക്രൈസ്തവ
വനിത
July - August 2021
A fundamental Christian bi-monthly publication of the women, by the women, for the family

2021
July - August

Volume XIV
Issue 4

# ക്രൈസ്തവ വനിത

## താളുകൾ മറിക്കുമ്പോൾ


| | | | |
|---|---|---|---|
| മരണപര്യന്തം വിശ്വാസം സംരക്ഷിച്ചവർ | - | എഡിറ്റോറിയൽ | 1 |
| ക്രിസ്തീയ ഭവനത്തിൽ സഹോദരിമാരുടെ ചുമതലകൾ | - | എൽസി ബേബി | 2 |
| കാഴ്ചയും വഴിപാടും | - | ജെസി ബെൻസെൻ | 4 |
| മരുപ്പച്ച തേടി പ്രയാണം ചെയ്തവൾ | - | എൽസി തോമസ് | 5 |
| പോറ്റി വളർത്തുക | - | അന്നമ്മ സി. ജോൺ | 8 |
| മുന്തിരിവള്ളി നശിപ്പിക്കുന്ന ചെറു കുറുക്കന്മാർ | - | ജോയമ്മ സാംസൺ | 10 |
| ഈ ലോകത്തിന് അനുരൂപമാകാതെ... | - | പാസ്റ്റർ എ. ജെ. ജോൺ | 13 |
| പ്രിസൺ ഫെലോഷിപ്പ് | - | ഡോ. കുഞ്ഞുമോൻ ചാക്കോ | 15 |
| കുടുംബജീവിത വെല്ലുവിളികൾ | - | ഡോ. ഉമ്മൻ ഫിലിപ്പ് | 20 |
| യേശുവിന്റെ നോട്ടം | - | മേരി അഞ്ചൻ | 23 |
| A High School Valedictorian's .... | - | Rohan E. John | 25 |
| Quest -78 | - | | 28 |


ക്രൈസ്തവ വനിതയിൽ പ്രസിദ്ധപ്പെടുത്തുന്ന ലേഖനങ്ങളിലെ ആശയങ്ങളുടെ ഉത്തരവാദിത്തം ലേഖനകർത്താക്കൾക്കാണ്. - *എഡിറ്റർ*

ലേഖനങ്ങൾ, കത്തുകൾ എന്നിവ
**ക്രൈസ്തവ വനിത, ഗുഡ് ന്യൂസ്, ആക്കുളം റോഡ്, തിരുവനന്തപുരം 695011**
എന്ന വിലാസത്തിൽ സദയം അയയ്ക്കുക

**CHRISTIAN WOMAN**
*For private circulation only*

**Editorial Board**
Founder Editor
**Annamma Charles John**
Chief Editor
**Mrs. Mary Anchan**
Associate Editor
**Mrs. Sherine Kingston**
Sub Editor
**Mrs. Sobha Selin**

Telephone: 0471-2448079
E-mail: shanthisadan@gmail.com
Mob: 9087144349

എഡിറ്റോറിയൽ

# മരണപര്യന്തം വിശ്വാസം സംരക്ഷിച്ചവർ



ഏകദേശം ഇരുന്നൂറു വർഷങ്ങൾക്കുമുമ്പ് ഇംഗ്ലണ്ടിൽ നിന്ന് മിഷനറിമാർ ആസാമിൽ വന്ന് ഗോത്രവർഗ്ഗക്കാരുടെ ഇടയിൽ സുവിശേഷം അറിയിച്ചു. ചില നാളുകൾക്കുശേഷം ഒരു ദമ്പതികൾ കർത്താവിൽ വിശ്വസിച്ച് രക്ഷിക്കപ്പെടുകയുണ്ടായി. ഇതിൽ കുപിതനായ ഗോത്രത്തലവൻ അവരെ വിളിപ്പിച്ചു. പിഞ്ചുപൈതലിനെയും കൊണ്ട് ആ ദമ്പതികൾ ആഗതരായി. "നിങ്ങളുടെ യേശുവിനെ ഉപേക്ഷിച്ച് നമ്മുടെ വിശ്വാസത്തിലേക്കു മടങ്ങി വരാത്ത പക്ഷം നിങ്ങൾ ജീവനെ തന്നെ മറുവിലയായി കൊടുക്കേണ്ടതായി വരും" എന്നയാൾ ആക്രോശിച്ചു. ആ വിശ്വാസി ആകട്ടെ, "യേശുവിനെ ഞാൻ എന്നും പിഞ്ചെല്ലും" എന്ന് സാക്ഷിച്ചതോടെ വിഷ അമ്പ് ഉപയോഗിച്ച് ആ പൈതലിന്റെ ജീവനൊടുക്കി. "എല്ലാരും എന്നെ കൈവിട്ടാലും ഞാൻ എന്റെ യേശുവിനെ അനുഗമിക്കും" എന്ന് ഉരച്ചതോടെ തന്റെ ഭാര്യയും കൊല്ലപ്പെട്ടു. അപ്പോൾ ആ വിശ്വാസി "ലോകമെന്റെ പിന്നിൽ ക്രൂശ് എന്റെ മുമ്പിൽ" എന്ന സാക്ഷ്യത്തോടെ കൊല്ലപ്പെട്ടു. അയാളുടെ 'ഉറച്ചവിശ്വാസവും ധൈര്യവും ദർശിച്ച ഗോത്രത്തലവൻ പില്ക്കാലത്ത് ക്രിസ്തുവിൽ വിശ്വസിച്ച് രക്ഷ പ്രാപിക്കുകയുണ്ടായി. അനന്തരം ആ ഗോത്രത്തിലെ അനേകരും രക്ഷയുടെ അനുഭവത്തിലേക്ക് വരാൻ ഇടയായി.

ഇംഗ്ലണ്ടിലേക്ക് മടങ്ങിയ മിഷനറിമാർ അയാളുടെ സാക്ഷ്യം സംഗീതരൂപേണ "I have decided to follow Jesus" എന്ന പാട്ടു രചിച്ചു. ഇത് വളരെ പ്രചുരപ്രചാരമുള്ള ഒരു സാക്ഷ്യഗീതമാണ്. മലയാളത്തിൽ 'യേശുവിനെ ഞാൻ പിഞ്ചെല്ലും" എന്ന ഗീതം നമുക്ക് സുപരിചിതമാണല്ലോ. മൂന്നു പേരുടെ ജീവനെ വിശ്വാസത്തിനുവേണ്ടി ബലികഴിച്ചതിന്റെ ഫലമായിട്ടാണ് ഈ ഗീതം രചിക്കപ്പെട്ടത് എന്നുള്ളത് സ്മരണാർഹമാണ്.

ദൈവാരാധനയിൽ സംഗീതത്തിനുള്ള സ്ഥാനം സുപ്രധാനമാണ്. ദൈവാരാധന, പ്രാർത്ഥന, സമർപ്പണം, പ്രബോധനം എന്നീ വിവിധ വിഷയങ്ങൾക്കെല്ലാം നാം സംഗീതം ഉപയോഗിക്കുന്നത് പതിവാണല്ലോ. സന്തോഷത്തിന്റെയും സന്താപത്തിന്റെയും വേളകളിലും ക്രിസ്തീയഗാനങ്ങൾ ആലപിക്കുക സാധാരണമാണ്. തിരുവചനത്തിൽ ചില കാവ്യഗ്രന്ഥങ്ങൾ നാം കാണുന്നുണ്ട്. "സങ്കീർത്തനങ്ങൾ" എന്ന പുസ്തകം വിവിധ ചുറ്റുപാടുകളിൽ രചിക്കപ്പെട്ട സംഗീതങ്ങളാൽ സംപുഷ്ടമാക്കപ്പെട്ടിരിക്കുന്നു. ശത്രുക്കളിൽ നിന്നും ജീവരക്ഷാർത്ഥം കാടുകളിലും, ഗുഹകളിലും അഭയം തേടിയിരുന്ന കാലത്തും ദാവീദ് ദൈവത്തിലുള്ള അചഞ്ചലമായ വിശ്വാസവും, കൃതജ്ഞതയും നിറഞ്ഞു കവിയുന്ന സംഗീതങ്ങൾ രചിച്ചിരിക്കുന്നതായി കാണാൻ സാധിക്കും. നാം ആരാധനയിൽ ഉപയോഗിക്കുന്ന "ആത്മീയ ഗീതങ്ങളി"ലെ പല ഗാനങ്ങളും പെരുവെള്ളങ്ങളിലും, അഗ്നിജ്വാലകളിലും കൂടെ കടന്നുപോയ ദൈവദാസന്മാരുടെ കർത്താവിലുള്ള അചഞ്ചലമായ വിശ്വാസത്തിന്റെയും, ആശ്രയത്തിന്റെയും സാക്ഷ്യം തന്നെ ആണ്.

അർത്ഥസംപുഷ്ടമായ ഈ പാട്ടുകൾ പാടുമ്പോൾ അവയുടെ പശ്ചാത്തലത്തെയും, അവയിൽ കൂടെ നമുക്കു ലഭിക്കുന്ന ആത്മീയ വികസനത്തെയും സ്മരിക്കുന്നതിന് ഇടയാകട്ടെ. പലപ്പോഴും നാം മറ്റുള്ളവരോടുചേർന്ന് പാടുന്നതല്ലാതെ ആത്മീയർത്ഥവും, സ്വർഗ്ഗീയാനുഭൂതിയും അനുഭവിക്കുവാൻ സാധിക്കാതെ പോകുന്നുണ്ട്. തിരുവചനത്തോടൊപ്പം തന്നെ സ്തുതി സ്തോത്രങ്ങൾ കരേറ്റുന്ന ഗീതങ്ങൾക്ക് നമ്മുടെ ജീവിതത്തിൽ പ്രത്യേക സ്ഥാനം ഉണ്ടാകട്ടെ എന്നു പ്രാർത്ഥിക്കുന്നു.

"മരണപര്യന്തം വിശ്വസ്തനായിരിക്ക; എന്നാൽ ഞാൻ ജീവകിരീടം നിനക്കു തരും" വെളി. 2:10.

***മേരി അഞ്ചൻ, തുംകൂർ***
***ചീഫ് എഡിറ്റർ***

# ക്രിസ്തീയ ഭവനത്തിൽ സഹോദരിമാരുടെ ചുമതലകൾ

എൽസി ബേബി, ന്യൂ യോർക്ക്



"ക്രിസ്തീയ ഭവനം" എന്നാൽ എന്താണ്? ക്രിസ്തു വസിക്കുന്ന ഭവനം. ക്രിസ്തു വസിക്കുന്ന ഭവനത്തിൽ ക്രിസ്തു ആയിരിക്കും കുടുംബത്തലവൻ. ക്രിസ്തുവിനാൽ ഭരിക്കപ്പെടുന്ന ഭവനം. ഈ ഭവനം ആരാണ് പണിയേണ്ടത്? "യഹോവ വീടുപണിയാതിരുന്നാൽ പണിയുന്നവർ വൃഥാ അദ്ധ്വാനിക്കുന്നു" (സങ്കീ. 127:1). യഹോവയാൽ പണിയപ്പെടുന്ന ഭവനം തന്റെ ഏകജാതനുവേണ്ടി മാത്രമായിരിക്കും. ദൈവപുത്രനായ ക്രിസ്തുവിലൂടെയല്ലാതെ യാതൊന്നും മനുഷ്യരായ നമുക്കു ലഭിക്കയില്ല എന്ന സത്യം നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു. യഹോവ പണിയുന്ന ഭവനത്തിന്റെ കൂട്ടുവേലക്കാരായി ദൈവം തിരഞ്ഞെടുത്തു യോജിപ്പിക്കുന്ന സ്ത്രീപുരുഷ സംഗമമാകുന്നു വിവാഹം. ദൈവഭവനത്തിൽ ദൈവമക്കളായി വീണ്ടും ജനിച്ചവരിൽ നിന്നും ദൈവം തിരഞ്ഞെടുത്തു യോജിപ്പിക്കുന്നവർ തമ്മിലുള്ള വിവാഹം ക്രിസ്തീയ വിവാഹമാകുന്നു. ഒരു ക്രിസ്തീയ ഭവനത്തിന്റെ അടിസ്ഥാനം വിവാഹമാകുന്നുവെന്നു സാരം. അവരിലൂടെ പണിയപ്പെടുന്ന ഭവനമാകുന്നു ക്രിസ്തീയ ഭവനം. സ്വന്തഹിതപ്രകാരം, തങ്ങൾക്കു ബോധിച്ചതുപോലെ തിരഞ്ഞെടുത്തു നടത്തുന്ന വിവാഹം. അതെത്ര ആഡംബരത്തോടും, ആർഭാടത്തോടുംകൂടെ നടത്തിയാലും അതിൽ ദൈവാനുഗ്രഹമുണ്ടാകയില്ല. അവർ പണിയുന്ന ഭവനം ക്രിസ്തീയ ഭവനമാകയുമില്ല. അതുകൊണ്ട് വിവാഹം എല്ലാവർക്കും മാന്യവും, കിടക്ക നിർമ്മലവുമായിരിക്കട്ടെ"! ദൈവഹിതത്താൽ ദൈവേഷ്ടപ്രകാരം പണിയുന്ന ഭവനത്തിന്റെ പ്രധാനശില്പികൾ ദൈവത്താൽ തിരഞ്ഞെടുത്തു യോജിപ്പിക്കുന്ന ഭാര്യാഭർത്താക്കന്മാരാകുന്നു. അവർ പണിയുന്ന ഭവനത്തിൽ ഒരു 'കുടുംബ'മുണ്ടായിരിക്കണം. കുടുംബം എന്നാൽ "കൂടുമ്പോൾ ഇമ്പം" എന്നാണർത്ഥം. ദൈവം യുവതീയുവാക്കളെ തമ്മിൽ വിവാഹ കരാറോടുകൂടി യോജിപ്പിക്കുമ്പോൾ മുപ്പിരിച്ചരടുപോലെ അവരുടെ നടുവിൽ അദൃശ്യനായ ക്രിസ്തുവും ഉണ്ടായിരിക്കും. മുപ്പിരിച്ചരട് അറ്റുപോകയില്ലല്ലോ. അങ്ങനെയുള്ള വിവാഹങ്ങൾ വേർപിരിയുകയില്ല. അതിനെ തകർക്കുവാൻ ദൈവവിരോധിയായ സാത്താൻ എത്ര ശ്രമിച്ചാലും അതു തകരുകയില്ല. അങ്ങനെയുള്ള കരാറിലാണ് ദൈവം അവരെ യോജിപ്പിച്ചിരിക്കുന്നത്. അതുകൊണ്ടു തന്നെയാണ് "ദൈവം യോജിപ്പിച്ചതിനെ മനുഷ്യൻ വേർപിരിക്കരുതെ"ന്ന് പറഞ്ഞിരിക്കുന്നത്. ദൈവം അവരെ കൂട്ടിയോജിപ്പിച്ചപ്പോൾ അവർ ഒരു ദേഹമായി തീർന്നു പോയി. അവർ ഒത്തുചേർന്നു പണിയുന്ന ഭവനം അഥവാ കുടുംബം എങ്ങനെയുള്ളതാകുന്നു എന്നതിന്റെ ഒരു ചിത്രം നമുക്ക് 128-ാം സങ്കീർത്തനത്തിൽ കാണാവുന്നതാകുന്നു. ഭർത്താവ് യഹോവയെ ഭയപ്പെട്ട്, അവന്റെ വഴിയിൽ നടക്കുന്ന യഹോവാഭക്തനായ പുരുഷൻ. ഭാര്യ വീട്ടിന്നകത്തെ ഫലപ്രദമായ മുന്തിരിവള്ളിപോലെയുള്ളവളും, അവരുടെ മക്കൾ മേശയ്ക്കുചുറ്റും ഒലിവുതൈകൾ പോലെയുള്ളവർ"! ഒരു യഥാർത്ഥ ക്രിസ്തീയ ഭവനത്തിലെ യഥാർത്ഥ ചിത്രമാണ് നാം കണ്ടത്. എത്ര മനോഹരമായ ഒരു കുടുംബം! അവർ തമ്മിൽ തമ്മിൽ സ്നേഹിക്കുന്നവരും, ഐക്യമുള്ളവരും ദൈവത്തെ പാടിസ്തുതിച്ച് ആരാധിക്കുന്നവരും, പ്രാർത്ഥനയിൽ പോരാടുന്നവരും, തിരുവചനം വായിച്ചും, പഠിച്ചും, ധ്യാനിച്ചും, പഠിപ്പിച്ചും, അതനു

സരിച്ചു ജീവിക്കുന്നവരുമായിരിക്കും. അദൃശ്യനായി ആ ഭവനത്തിൽ നായകനായി വസിക്കുന്ന ക്രിസ്തുവിന്റെ സാന്നിദ്ധ്യവും സാമീപ്യവും അനുഭവിച്ച് ക്രിസ്തുവിനെ പ്രസാദിപ്പിച്ചു ജീവിക്കുന്ന യഥാർത്ഥ സന്തുഷ്ടഭവനമാകുന്നു വാസ്തവത്തിൽ “ക്രിസ്തീയഭവനം”. ഈ ഭവനത്തിലെ സഹോദരിയുടെ ചുമതലകൾ എന്താകുന്നു എന്നതാണല്ലോ നമ്മുടെ ചിന്താവിഷയം. യുവസഹോദരിയായി, ഭാര്യയായി, മരുമകളായി, അമ്മാവിയമ്മയായി, അമ്മയായി, വലിയമ്മയായി മറ്റുമുള്ള ഒരു സ്ത്രീയുടെ ചുമതലകൾ അനവധിയാകുന്നു. “ദൈവവചനം ദുഷിക്കപ്പെടാതിരിക്കേണ്ടതിന്ന് യൗവ്വനക്കാരത്തികളെ ഭർത്തൃപ്രിയമാരും, പുത്രപ്രിയമാരും, സുബോധവും പാതിവ്രത്യവുമുള്ളവരും, വീട്ടുകാര്യം നോക്കുന്നവരും, ദയയുള്ളവരും, ഭർത്താക്കന്മാർക്കു കീഴ്പ്പെടുന്നവരും ആയിരിപ്പാൻ ശീലിപ്പിക്കേണ്ടതിന് നന്മ ഉപദേശിക്കുന്നവരായിരിക്കേണം. വിരോധി നമ്മെക്കൊണ്ട് ഒരു തിന്മയും പറവാൻ ഇടകൊടുക്കരുത്” (തീത്തൊ. 2:4-7) ഇതിൽ നിന്നും നാം എന്താണ് മനസ്സിലാക്കേണ്ടത്?

യുവതികളായ മക്കളെ വിവാഹ പ്രായമാകുന്നതിനു മുമ്പേ തന്നെ മേലുദ്ധരിച്ചവിധത്തിലുള്ള വിഷയങ്ങളെ പഠിപ്പിച്ചു പരിശീലിപ്പിച്ചിട്ടു വേണം വിവാഹിതരാക്കുവാൻ. ഭവനത്തിലെ, സഭയിലെ ഉള്ള പ്രായമായ സഹോദരിമാരുടെ ചുമതലയാകുന്നു അത്. അവർ ആദ്യം തന്നെ നടപ്പിൽ പവിത്ര യോഗ്യമാരും, ഏഷണിപറയാത്തവരും, വീഞ്ഞിന് അടിമപ്പെടാത്തവരുമായിരിക്കേണം. പ്രായമായ സഹോദരിമാരുടെ സാക്ഷ്യവും, ജീവിതവും, മാതൃകയും കണ്ടുവേണം യുവസഹോദരിമാർ വളരേണ്ടത്. എങ്കിൽ മാത്രമേ അവരുടെ ഉപദേശങ്ങൾ യുവസഹോദരിമാർ കേൾക്കയുള്ളൂ, അനുസരിക്കയുള്ളൂ, അനുകരിക്കയുള്ളൂ. അങ്ങനെയാകുന്നുവോ ഇന്നത്തെ പ്രായമായ സഹോദരിമാർ? വല്ല്യമ്മച്ചിമാരായ സഹോദരിമാർ തങ്ങളുടെ കൊച്ചുമക്കളെ എപ്പോഴും വിമർശനകണ്ണുകൾ കൊണ്ടായിരിക്കും കാണുന്നത്. കാരണം തങ്ങൾ ജീവിച്ച മാതൃകയല്ല ഇന്നത്തെ യുവജനങ്ങൾ കണ്ടുവളരുന്നത്. അതു മനസ്സിലാക്കി അവരുടെ പ്രായത്തിലേക്കിറങ്ങിനിന്നുകൊണ്ടുവേണം ഉപദേശിക്കുവാൻ. അവരുടെ ജീവിതരീതികൾ, പരിഷ്കാരങ്ങൾ, നടപ്പ് എല്ലാം കണ്ട് അഭിനന്ദിക്കേണ്ട സ്ഥാനത്ത് അഭിനന്ദിച്ചും, സ്നേഹത്തിലും സൗമ്യതയിലും ഉപദേശിച്ചും തെറ്റുകൾ കണ്ടാൽ തിരുത്തി അവരോടൊപ്പം തിരുവചനം പങ്കിട്ടു പ്രാർത്ഥിച്ചു വേണം അവരെ ഉപദേശിക്കുവാൻ. അങ്ങനെ ചെയ്താൽ മാത്രമേ അവർ പ്രായമായ “അമ്മച്ചി” മാരുടെ ഉപദേശം സ്വീകരിക്കയുള്ളൂ. അങ്ങനെയുള്ള യുവതികൾ ഭാര്യമാരാകുമ്പോൾ ഭർത്താക്കന്മാർക്കു കീഴ്പ്പെട്ടും, സ്നേഹിച്ചും, സഹകരിച്ചും ജീവിക്കുവാൻ പ്രയാസം കാണുകയില്ല. “ആദാം അല്ല, സ്ത്രീ അത്രേ വഞ്ചിക്കപ്പെട്ടു ലംഘനത്തിൽ അകപ്പെട്ടത്. എന്നാൽ വിശ്വാസത്തിലും, സ്നേഹത്തിലും, വിശുദ്ധീകരണത്തിലും സുബോധത്തോടെ പാർക്കുന്നുവെങ്കിൽ അവൾ മക്കളെ പ്രസവിച്ച് രക്ഷപ്രാപിക്കും (1 തിമൊ. 2:14-15). ഭാര്യമാരായ സഹോദരിമാർ ഈ വേദഭാഗം ശ്രദ്ധിച്ചു വായിച്ചു പഠിക്കേണ്ടതാകുന്നു. “സ്ത്രീ അത്രേ വഞ്ചിക്കപ്പെട്ടത്” വഞ്ചകനായ സാത്താൻ ഇന്നും പുരുഷന്മാരേക്കാൾ സ്ത്രീകളെയാണു വഞ്ചിക്കുന്നത്. കുടുംബജീവിതത്തിൽ, വിവാഹജീവിതത്തിൽ പാളിച്ചകൾ ഭവിക്കുന്നതിന്റെ പ്രധാനകാരണം സാത്താന്റെ വഞ്ചനയാകുന്നുവെന്നു മനസ്സിലാക്കുക. ഏതു കാര്യത്തിലും കർത്താവിനെ മുമ്പിൽ കാണുക “ദൈവവചനം ദുഷിക്കപ്പെടരുത്” “വിരോധി നമ്മെക്കൊണ്ട് ഒരു തിന്മയും പറയുവാനിടയാകരുത്” എന്നീ തീരുമാനത്തിൽ ഉറച്ചു നില്ക്കുക. “ക്രിസ്തുവിന്റെ വചനം ഐശ്വര്യമായി സകലജ്ഞാനത്തോടും കൂടെ നിങ്ങളിൽ വസിക്കട്ടെ. വാക്കിനാലോ ക്രിയയാലോ എന്തു ചെയ്താലും സകലവും കർത്താവായ യേശുവിന്റെ നാമത്തിൽ ചെയ്തും അവൻ മുഖാന്തരം പിതാവായ ദൈവത്തിനു സ്തോത്രം പറഞ്ഞും കൊണ്ടിരിപ്പിൻ” (കൊലൊ 3:16-17) പ്രിയ സഹോദരിമാരേ, “ഈ ലോകത്തോടനു

*ശേഷം 7-ാം പേജിൽ*

# കാഴ്ചയും വഴിപാടും

ജെസി ബെൻസെൻ, കൊച്ചി



രാജാവായി പിറന്നവനെ അന്വേഷിച്ചു വന്ന വിദ്വാന്മാർ, യേശുവിനെ അമ്മയായ മറിയയോടുകൂടെ കണ്ട്, വീണ് അവനെ നമസ്കരിക്കയും നിക്ഷേപപാത്രങ്ങളെ തുറന്ന് അവന് പൊന്നും കുന്തുരുക്കവും മൂരും കാഴ്ചവയ്ക്കുകയും ചെയ്തു (മത്താ. 2:11) പിന്നീട് എപ്പോഴെങ്കിലും അവർ ഇങ്ങനെ കാഴ്ച വസ്തുവുമായി യേശുവിനെ സന്ദർശിച്ചതായി നാം കാണുന്നില്ല. അത് അവർക്ക് ഒരിക്കൽ മാത്രം ലഭിച്ച അവസരമായിരുന്നു.

യോസേഫിന്റെ സഹോദരന്മാർ മിസ്രയീമിലേക്ക് ധാന്യത്തിനായി വരുമ്പോൾ, ദേശത്തിന്റെ അധിപതിയായവനു കാഴ്ച വയ്ക്കുവാൻ ദേശത്തിലെ വിശേഷവസ്തുക്കളിൽ ചിലത് ഒക്കെയുമായി പുറപ്പെടുന്നതായി കാണുന്നുണ്ട്. (ഉത്പ. 43:11, 26) മിസ്രയീം ദേശത്തിന്റെ അധിപതിയെ പ്രസാദിപ്പിക്കുവാൻ അവർ ആളറിയാതെ കാഴ്ച വച്ചതായിരുന്നു ആ വിശേഷവസ്തുക്കൾ. കനാൻ ദേശത്തിലെ വിശേഷവസ്തുക്കൾ, മിസ്രയീമിന്റെ അധിപതി ആണെങ്കിൽ പോലും, യോസേഫിന് ഏറെ വിലപ്പെട്ടതാണ്. പതിനേഴ് വയസ്സുള്ളപ്പോൾ സഹോദരന്മാരുടെ ക്ഷേമം അന്വേഷിച്ച് കനാൻ വിട്ട് പുറപ്പെട്ടുപോന്ന യോസേഫിന് കനാന്റെ ഓർമ്മകൾപോലും വിശേഷപ്പെട്ടതായിരിക്കെ, അവിടെ നിന്നു കൊണ്ടുവന്ന കാഴ്ച വസ്തുക്കൾ വിലയേറിയതു തന്നെയാണ്. ഇതും ഒരിക്കൽ മാത്രം കൊടുക്കുവാൻ കഴിഞ്ഞ വിലമതിക്കാനാവാത്ത കാഴ്ചയായിരുന്നു.

എന്നാൽ കയീനും ഹാബെലും ദൈവത്തിന് അർപ്പിച്ചത് കാഴ്ചയല്ല, വഴിപാടായിരുന്നു. അവർ ഇരുവരും താന്താങ്ങളുടെ അനുഭവങ്ങളിൽ നിന്നായിരുന്നു വഴിപാട് അർപ്പിച്ചത്. "യഹോവ ഹാബെലിലും അവന്റെ വഴിപാടിലും പ്രസാദിച്ചു കയീനിലും അവന്റെ വഴിപാടിലും പ്രസാദിച്ചില്ല" (ഉത്പ. 4:5) കാഴ്ച അർപ്പിക്കുമ്പോൾ അർപ്പിക്കുന്ന വ്യക്തിയുടെ ഭക്തിയോ ഭാവമോ ഒന്നും പ്രസക്തമല്ലെങ്കിലും വഴിപാടിന്റെ കാര്യത്തിൽ അർപ്പിക്കുന്നവന്റെ ഭക്തിയും വിശുദ്ധിയും ആന്തരികഭാവവും ഒക്കെ പ്രാധാന്യമുള്ളതാണ്.

അനുഭവങ്ങളിൽ നിന്നുള്ള വഴിപാട് മാത്രമല്ല, വ്യക്തികളെ വഴിപാട് പോലെ കൊണ്ടുവരുന്ന ഒരു രംഗവും തിരുവചനം വെളിപ്പെടുത്തുന്നുണ്ട്. വെടിപ്പുള്ള പാത്രങ്ങളിൽ വഴിപാട് കൊണ്ടുവരുന്നതുപോലെ നിങ്ങളുടെ സഹോദരന്മാരെ വഴിപാടായി കൊണ്ടുവരുമെന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത് (യെശ. 66:20). ജാതികളിൽ നിന്ന് രക്ഷിക്കപ്പെട്ടവരാണ് ദൂരദേശങ്ങളിൽ നിന്നും യിസ്രായേല്യരായവരെ കണ്ടെത്തുമ്പോൾ വഴിപാട് കൊണ്ടുവരുന്നതുപോലെ അവരെ ദൈവസന്നിധിയിലേക്ക് കൊണ്ടുവരുന്നത്.

സഹസ്രാബ്ദവാഴ്ചക്കാലത്താണ് യിസ്രായേല്യരായവരെ വഴിപാടായി കൊണ്ടുവരുന്നതെങ്കിൽ അപ്പൊസ്തലിക കാലഘട്ടത്തിൽ പൗലൊസും ജാതികളുടെ ഇടയിലെ സുവിശേഷഘോഷണം നിർവ്വഹിച്ചതിനെക്കുറിച്ച് ഒരു പുരോഹിതൻ നിറവേറ്റുന്ന വഴിപാടായി ചിത്രീകരിച്ചിട്ടുണ്ട്. (റോമ. 15:15) ഒരു പുരോഹിതൻ ജനത്തിന്റെ വഴിപാടുകൾ ഓരോന്നായി ദൈവസന്നിധിയിൽ നീരാജനം ചെയ്യുന്നതുപോലെ പൗലൊസും ഒരു പുരോ

*ശേഷം 12-ാം പേജിൽ*

# മരുപ്പച്ച തേടി പ്രയാണം ചെയ്തവൾ

എൽസി തോമസ്, മീൻതുള്ളി, കണ്ണൂർ



**വി**ശുദ്ധ വേദപുസ്തകത്തിൽ രൂത്തിന്റെ പുസ്തകം 1-ാം അദ്ധ്യായം 1-6 വരെയുള്ള വേദഭാഗങ്ങളിൽ നാം ഇങ്ങനെ വായിക്കുന്നു. ന്യായാധിപന്മാർ ന്യായപാലനം ചെയ്തിരുന്ന കാലത്ത് ഒരിക്കൽ ദേശത്ത് ക്ഷാമം ഉണ്ടായി. യഹൂദയിലെ ബേത്‌ലഹേമിലുള്ള ഒരു പുരുഷൻ തന്റെ ഭാര്യയും രണ്ടു പുത്രന്മാരുമായി മോവാബ് ദേശത്ത് പരദേശിയായി പാർക്കുവാൻ പോയി. അവന് എലിമേലെക് എന്നും ഭാര്യയ്ക്ക് നൊവൊമി എന്നും പുത്രന്മാർക്ക് മഹ്ലോൻ കില്യോൻ എന്നും പേരായിരുന്നു. അവർ യഹൂദയിലെ ബേത്‌ലഹേമിലുള്ള എഫ്രാത്യർ ആയിരുന്നു. അവർ മോവാബ് ദേശത്ത് ചെന്ന് അവിടെ താമസിച്ചു.

തുടർന്നുള്ള പ്രസക്ത വേദഭാഗങ്ങളിലൂടെ ബേത്‌ലഹേം വിട്ട് നൊവൊമി തന്റെ നഷ്ടങ്ങളുടെയും പരാജയങ്ങളുടെയും ഹൃദയനൊമ്പരങ്ങളുടെയും ഭാണ്ഡവും പേറി കണ്ടാൽ ആളറിയാത്തവിധം ക്ഷീണിതയായി കണ്ണിൽ നിന്നും ജലധാരയായി കവിളിലൂടെ അശ്രുക്കളായി ഒഴുകിയെത്തിയ കണ്ണീർ ചാലുകളും തുടച്ചുകൊണ്ട് ബേത്‌ലഹേമിലേക്ക് തിരിച്ചുവരുന്ന ഹൃദയഭേദകമായ ചിത്രമാണ് തിരുവചനം നമ്മുടെ മുമ്പിൽ തുറന്നു കാണിച്ചിരിക്കുന്നത്.

ഇതോടൊപ്പം തിരുവചനം അടിവരയിട്ടു ചില യാഥാർത്ഥ്യങ്ങളും നമ്മെ ഓർമ്മിപ്പിച്ചുകൊണ്ട് തുടരുന്നു. റോമർ 2:28-29 "പുറമേ യഹൂദൻ ആയവൻ യഹൂദനല്ല; പുറമേ ജഡത്തിലുള്ളത് പരിച്ഛേദനയുമല്ല; അകമെ യഹൂദനായവനത്രേ യഹൂദൻ; അക്ഷരത്തിലല്ല ആത്മാവിലുള്ള ഹൃദയപരിച്ഛേദനയത്രേ പരിച്ഛേദന". ദൈവത്തിൽ നിന്നും ദൈവവചനത്തിൽ നിന്നും ഹൃദയം കൊണ്ടകന്ന് ലോകയിമ്പമോഹങ്ങളുടെയും, സ്ഥാനമാനങ്ങളുടെയും പിന്നാലെ പോകുന്ന വിശ്വാസിക്കുള്ള ഒരു മുന്നറിയിപ്പും കൂടിയാണ് തിരുവചനം നൊവൊമിയിലൂടെ ചൂണ്ടിക്കാണിച്ചു തന്നിരിക്കുന്നത്.

മോവാബിനെക്കുറിച്ച് തിരുവചനത്തിൽ പ്രതിപാദിച്ചിരിക്കുന്നതിങ്ങനെ - ആവർത്തനം 23:3-6 ഇസ്രായേൽ മക്കളുടെ കനാനിലേക്കുള്ള പ്രയാണത്തിൽ മോവാബു രാജാവായ ബാലാക്ക് യിസ്രായേൽ മക്കളെ ശപിക്കുവാൻ ബിലെയാമിനെ കൂട്ടിക്കൊണ്ടു പോയി. അതു വിഫലമായപ്പോൾ ബിലെയാമിന്റെ നിർദ്ദേശപ്രകാരം മോവാബ്യകന്യകമാരെക്കൊണ്ട് യിസ്രായേൽ മക്കളെ വശീകരിച്ച് പാപത്തിലേക്ക് വീഴ്ത്തുകയും അതു മുഖാന്തരം അനേകയിസ്രായേൽമക്കൾ സംഹരിക്കപ്പെടുകയും ചെയ്തു; ഈ കാരണത്താൽ മോവാബ്യരെ യഹോവയുടെ സഭയിൽ പ്രവേശിപ്പിക്കരുതെന്നും അവരുമായി യാതൊരു ബന്ധം ഉണ്ടാകരുതെന്നും യിസ്രായേൽ മക്കളോട് യഹോവ കല്പിച്ചു.

ആദ്യമായി അവർ ദൈവത്തോട് അനുസരണക്കേട് കാണിച്ചു. തുടർന്ന് അവർ പരദേശിയായി പാർക്കാർ മോവാബ് തന്നെ തിരഞ്ഞെടുക്കുകയും ചെയ്തു. നൊവൊമി ബേത്‌ലഹേം വിട്ടതോടെ ദൈവത്തെയും ന്യായപ്രമാണത്തെയും വിട്ടുകളഞ്ഞു. മോവാബ്യർ യിസ്രായേൽ മക്കളോട് ശത്രുതപുലർത്തുന്നവരായതുകൊണ്ട് നൊവൊമിക്ക് മോവാബ് ഒരിക്കലും താങ്ങും തണലുമായിരുന്നില്ല. മോവാബിൽ അപ്പമുണ്ടായിരുന്നു. പക്ഷേ അതു വിഗ്രഹാർപ്പിതമായിരുന്നു. തന്നെയുമല്ല അവർ അന്യദൈവങ്ങളെയും മിഥ്യാമൂർത്തി

കളെയും ആരാധിക്കുന്നവരുമായിരുന്നു. മോവാബിലെ വാസം അവൾക്ക് വേദനയുളവാക്കാൻ കാരണമായി. സ്വന്തമായതെല്ലാം മോവാബ് തട്ടിയെടുത്ത് അവളെ നിസ്സഹായ ആക്കുക മാത്രമല്ല ജീവിതം കയ്പിന്റെ അവസ്ഥയിലാക്കുകയും ചെയ്തു. മേച്ചിൽപുറം തേടി പ്രയാണം ചെയ്തപ്പോൾ ഒരുപക്ഷേ ഇത്രവലിയ വിപത്ത് കാത്തിരിപ്പുണ്ടെന്ന് നൊവൊമി കരുതിയില്ല.

എന്നാൽ നൊവൊമി തിരികെ വന്നപ്പോൾ രൂത്ത് 1:19 ൽ പറയുന്നു പട്ടണം മുഴുവനും അവൾ നിമിത്തമിളകി. ഇതിൽ നിന്നും നമുക്കു മനസ്സിലാക്കാൻ സാധിക്കുന്നത് കൂട്ടുസഹോദരങ്ങൾക്കിടയിൽ അവൾ നിമിത്തം വലിയ വിടവും ദുഃഖവുമുളവാക്കിയിരുന്നു. പട്ടിണി മാറ്റുവാനുള്ള പ്രയാണത്തിനൊടുവിൽ അവൾ ദൈവത്തിൽ നിന്നും ദൈവവചനത്തിൽ നിന്നും വഴുതിപ്പോയി. തന്മൂലം അവൾക്കുള്ളതെല്ലാം നഷ്ടമായെന്നു മാത്രമല്ല അവളുടെ രൂപവും ഭാവവും കൂടി മാറിപ്പോയി. അതുകൊണ്ടാണ് അവർ അതിശയിച്ചു ചോദിച്ചത് ഇവൾ നൊവൊമിയോ? ഇവിടെ നൊവൊമിയുടെ പരാജയവാക്കുകൾ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. സർവ്വശക്തൻ എന്നോടു കയ്പായതു പ്രവർത്തിച്ചിരിക്കുന്നു. ഒഴിഞ്ഞവളായി യഹോവ എന്നെ മടക്കി വരുത്തിയിരിക്കുന്നു. രൂത്ത് 1:20-21 ഇനിയും എന്നെ നൊവൊമിയെന്നല്ല മാറായെന്ന് വിളിപ്പിൻ. അങ്ങനെ കയ്പിന്റെ അനുഭവത്തോടും വിട്ടുപോയതിലുള്ള അനുതാപത്തോടും കൂടി യവകൊയ്ത്തിൽ ബേത്‌ലഹേമിൽ എത്തി.

പ്രിയമുള്ളവരെ ഈ കാലഘട്ടത്തിലും ദൈവത്തിന്റെ വ്യവസ്ഥയിൽ നിന്നും ലോകത്തിന്റെ വ്യവസ്ഥയിലേക്ക് ചരിക്കുന്ന ദൈവമക്കളെ സാത്താൻ തന്ത്രപൂർവ്വം ലോകയിമ്പമോഹമുളവാക്കി സ്ഥാനമാനങ്ങളും, സമ്പത്തും കാണിച്ച് വലയിലാക്കുന്നു. പിന്നീട് അവരിലുള്ള ദൈവിക വിശ്വാസത്തെ തകർത്തുകളഞ്ഞ് പാപത്തിന്റെ അന്ധകാരത്തിലേക്ക് വലിച്ചെറിയപ്പെടുന്ന കാഴ്ചകൾ നിത്യസംഭവമായി കഴിഞ്ഞിരിക്കുന്നു. എന്നാൽ ഈ കാലഘട്ടത്തിൽ നമുക്ക് എന്തുചെയ്യുവാൻ സാധിക്കും? സങ്കീ. 1:1 നമ്മുടെ ആലോചനകൾ ദൈവഹിതപ്രകാരം ആയിരിക്കാം. നമുക്ക് നടക്കാനും നില്ക്കാനും ഇരിക്കാനുമുള്ള സ്ഥാനങ്ങളെ ഏതെന്നു തിരിച്ചറിയുക. ബേത്‌ലഹേം: ഇടുക്കവും ഞെരുക്കവുമുള്ളതാണ്. അതോടൊപ്പം പരീക്ഷണത്തിന്റെയും വഴിയാണെന്നുള്ള കാര്യം തിരിച്ചറിയുക.

തിരുവചനത്തിൽ ഫിലി. 4:6 പൗലൊസ് അപ്പൊസ്തലൻ ഇങ്ങനെ നിഷ്കർഷിക്കുന്നു. പ്രയാസങ്ങളുടെയും പ്രതിസന്ധികളുടെയും മുമ്പിൽ അടിപതറാതെ ആവശ്യങ്ങൾ എന്തു തന്നെയായാലും അവ ദൈവസന്നിധിയിൽ വച്ച് സ്തോത്രത്തോടെ പ്രാർത്ഥിക്കണമെന്ന്. ഒരു ഭക്തൻ ഇപ്രകാരം പാടി.

"മരുഭൂപ്രയാണത്തിൽ ചാരീടുവാൻ
ഒരു നല്ല നായകൻ നമുക്കില്ലയോ
കരുതും നിനക്കവൻ വേണ്ടതെല്ലാം
തളരാതെ യാത്ര തുടർന്നീടുക."

ദൈവപൈതൽ വിശുദ്ധിയിലും വേർപാടിലും ദൈവവചനാടിസ്ഥാനത്തിലും ദൈവത്തെ സേവിക്കേണ്ടതാണ്. അനുതാപമില്ലാതെ എത്ര കണ്ണീരൊഴുക്കി പ്രാർത്ഥിച്ചാലും കർത്താവിനതു സ്വീകാര്യമല്ല. പിന്നെയോ ദൈവത്തിൽ നിന്നും നാം എത്ര ദൂരത്തേക്ക് പോയോ അത്രയും ദൂരം നാം തിരികെ വന്നാൽ മാത്രമേ നമുക്ക് അനുഗ്രഹം ലഭിക്കൂ. തിരുവചനത്തിൽ ലൂക്കൊ. 15:7 മാനസാന്തരംകൊണ്ട് ആവശ്യമില്ലാത്ത തൊണ്ണൂറ്റി ഒൻപത് നീതിമാന്മാരെക്കുറിച്ചുള്ളതിനെക്കാൾ മാനസാന്തരപ്പെടുന്ന ഒരു പാപിയെച്ചൊല്ലി സ്വർഗ്ഗത്തിൽ അധികസന്തോഷമുണ്ടാകും.

എന്നാൽ സർവ്വശക്തനായ ദൈവത്തിൽ അടിയുറച്ചു വിശ്വസിക്കുകയും അവനോടുള്ള ഭക്തിയിൽ ജീവിക്കുകയും ചെയ്യുന്നവർക്ക് ചില സന്ദർഭങ്ങളിൽ തങ്ങൾ നേടിയതും തങ്ങൾക്ക് ഏറ്റവും പ്രിയമായതും സമ്പൂർണ്ണമായി നഷ്ടപ്പെടുന്ന അവസ്ഥയുണ്ടാകാറുണ്ട്. ഇങ്ങനെയുള്ള പരീക്ഷണവേളകളിൽ നമ്മിലെ ദൈവഭക്തിയും വിശ്വാസവും ചില്ലുകൊട്ടാരം പോലെ തകർന്നടിയാറുണ്ട്.

എന്നാൽ തങ്ങളുടെ തളർന്നതും

തകർന്നതുമായ ഏതവസ്ഥയിലും ദൈവത്തെ മുറുകെ പിടിച്ച് ദൈവത്തോട് പറ്റിനിന്നാൽ അവർക്കു നഷ്ടമായതൊക്കെയും വീണ്ടെടുത്തു കൊടുക്കുമെന്ന് ഇയ്യോബിന്റെ ജീവിതത്തിലൂടെ തിരുവചനം നമ്മെ ഓർമ്മിപ്പിക്കുന്നു.

സങ്കടത്തിന്റെയും നെടുവീർപ്പിന്റെയും നടുവിലും ദൈവത്തെ പ്രവർത്തന നിരതനാക്കുന്നത് അചഞ്ചലമായ നമ്മുടെ ദൈവവിശ്വാസമാണ്. യോഹ. 11:32 മറിയയുടെ വിശ്വാസം. യേശുവിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ട നമുക്ക് ഉറച്ച തീരുമാനം ഉണ്ടായിരിക്കേണം. നാം പിൻമാറിപ്പോയിട്ടുണ്ടെങ്കിലും നിരാശപ്പെടേണ്ട തളർന്ന അവശിഷ്ടങ്ങൾക്കിടയിൽ നിന്നും നമുക്കെഴുന്നേല്ക്കാം. അങ്ങനെയെങ്കിൽ തുള്ളനും പുഴുവും വെട്ടുക്കിളിയും തിന്നുകളഞ്ഞ കാലങ്ങൾക്കു പകരം ഫലസമൃദ്ധിയുടെ നാളുകൾ നമുക്കു മടക്കിത്തരും.

പ്രിയസഹോദരങ്ങളേ, ഇന്ന് ദൈവത്തിൽ നിന്നുള്ള ഹൃദയത്തിന്റെ അകലമാണ് നമുക്കുള്ളത്. നാമെല്ലാം ഹൃദയംകൊണ്ട് ദൂരസ്ഥരായികഴിയുന്നു. ദൈവത്തിൽ നിന്നും നമ്മുടെ ഹൃദയത്തിന്റെ അകലം നമുക്കുതന്നെ അളക്കാം എങ്ങനെയെന്നു വച്ചാൽ വാക്കുകൾ, പ്രവൃത്തികൾ, ചിന്തകൾ, നോട്ടങ്ങൽ, കൊടുക്കവാങ്ങലുകൾ, നിരൂപണങ്ങൾ ഇവയെല്ലാം ഒന്നു കൂടെ പുനഃപരിശോധിക്കാം.

തിരുവചനം ഇന്നത്തെ മനുഷ്യരെ നോക്കി പറയുന്നു യെശയ്യ. 29:13, മത്തായി. 15:8 ഈ ജനം അടുത്തുവന്ന് വായ്കൊണ്ടും അധരംകൊണ്ടും എന്നെ ബഹുമാനിക്കുന്നു. എങ്കിലും അവരുടെ ഹൃദയം അവർ എന്നിൽ നിന്നും ദൂരെ വച്ചിരിക്കുന്നു. എന്നോടുള്ള അവരുടെ ഭക്തി മനഃപാഠമാക്കിയ മാനുഷിക കല്പനകളാകുന്നു. പ്രിയമുള്ളവരേ, നമുക്ക് അരുമനാഥന്റെയടുത്തേക്ക് മടങ്ങിവരാം. വാഗ്ദത്തങ്ങളിൽ വിശ്വസ്തൻ നമുക്കായി ജീവിക്കുന്നു. മടങ്ങിവരാം നൊവൊമിയെപ്പോലെ, ധൂർത്തപുത്രനെപ്പോലെ. നാം ലക്ഷ്യം വച്ച നിത്യത നഷ്ടപ്പെടുത്താതെ സർവ്വശക്തനായ ദൈവം നമ്മെയെല്ലാവരെയും ശക്തീകരിക്കയും ബലപ്പെടുത്തുകയും കാക്കുകയും ചെയ്യട്ടെയെന്നു പ്രാർത്ഥിച്ചുകൊണ്ട് നിർത്തുന്നു. ❑

---

*3-ാം പേജിൽ നിന്നും തുടർച്ച (ക്രിസ്തീയ ഭവനത്തിൽ...)*

രൂപരാകരുത്" എന്ന് നാം എത്ര പ്രാവശ്യം കേട്ടിട്ടുള്ളതാകുന്നു. "ഈ ലോകം നമുക്കു യോഗ്യമല്ല" എന്നറിയാതെയാണോ നാം പല വിഷയങ്ങളിലും ഈ ലോകക്കാരേപ്പോലെ ആയി പോകുന്നത്? നാം വഞ്ചിതരാകയല്ലെ? ഹവ്വായ്ക്കു സംഭവിച്ചതുപോലെ നമ്മെ നോക്കിക്കൊണ്ടു നമ്മുടെ മക്കളും കൊച്ചുമക്കളും നമ്മെ നിന്ദിക്കുവാനിടയാകരുത്. ക്രിസ്തുവിന്റെ മാതൃകയാണ് നാം അനുകരിക്കേണ്ടത് ക്രിസ്തീയഭവനത്തിന്റെ പണിക്കാരായ നാം ക്രിസ്തുവിനെ പ്രസാദിപ്പിക്കുന്നവരും അവന്റെ ആലോചനപ്രകാരം നടക്കുന്നവരുമായിരിക്കേണം. നമ്മുടെ വിശ്വാസം, പ്രാർത്ഥന, തിരുവചന ധ്യാനം, അനുസരണം, നടപ്പ്, സംസാരം, പ്രവൃത്തികൾ എല്ലാം കണ്ടും കേട്ടും വളരുന്ന കുഞ്ഞുങ്ങൾ അവരതനുകരിക്കും. ഈ ലോകത്തിൽ നമ്മുടെ കുഞ്ഞുങ്ങൾക്കു നല്കാവുന്ന ഏറ്റവും വലിയ സമ്പത്ത് അതു മാത്രമാകുന്നു. സാത്താന്റെ വഞ്ചനയിൽ പെട്ട് ഈ ലോകക്കാരേപ്പോലെ ജീവിച്ചാൽ അന്ത്യം വളരെ ദുഃഖകരവും ശോചനീയവുമായിരിക്കും. നാം ഓരോരുത്തരും ക്രിസ്തീയഭവനത്തിന്റെ പണിക്കാരാകുന്നു. ക്രിസ്തുവിനോടു ചേർന്നു വേണം പണിയുവാൻ. എന്നേക്കൂടാതെ - എന്നേ പിരിഞ്ഞ് നിങ്ങൾക്കൊന്നും ചെയ്‌വാൻ കഴികയില്ല" (യോഹ. 15:5) എന്ന കർത്താവിന്റെ വാക്കുകൾ ഓർക്കുക. നമ്മുടെ സാക്ഷ്യം സ്വഭവനത്തിലും, സഭയിലും, സമൂഹത്തിലും ക്രിസ്തുവിന്റെ സൗന്ദര്യവും, സൗരഭ്യവും, മാതൃകയുമായിരിക്കട്ടെ. നമ്മെ ഭരമേല്പിച്ചിരിക്കുന്ന താലന്തുകളെക്കൊണ്ടു വ്യാപാരം ചെയ്തു ലാഭമുണ്ടാക്കുന്നതിൽ വ്യാപൃതരായി ജീവിക്കാം. ധാരാളം എഴുതുവാനുണ്ട്. സ്ഥലപരിമിതിയാൽ തത്കാലം നിർത്തട്ടെ. (ഫിബാകോൺഫ്രൻസിൽ സഹോദരിമാർക്കായി തയ്യാറാക്കിയതാകുന്നു) ❑

# പോറ്റി വളർത്തുക

അന്നമ്മ സി. ജോൺ



മക്കളേ, നിങ്ങളുടെ അമ്മയപ്പന്മാരെ കർത്താവിൽ അനുസരിപ്പിൻ; അതു ന്യായമല്ലോ. ഭൂമിയിൽ ദീർഘായുസ്സ്, നന്മ ഇവകൾ ഉണ്ടാകുവാൻ അവരെ അനുസരിക്കണം. പിതാക്കന്മാരേ അങ്ങനെതന്നെ മക്കളെ കോപിപ്പിക്കരുത്. ബാലശിക്ഷയിലും, പത്ഥ്യോപദേശത്തിലും പോറ്റി വളർത്തണം. “മക്കൾ, യഹോവ നല്കുന്ന അവകാശവും ഉദരഫലം അവൻ നല്കുന്ന പ്രതിഫലവും തന്നെ” (സങ്കീ 127:3). കുഞ്ഞുങ്ങളെ കൈയിൽ കിട്ടുന്ന സാധനം എടുത്ത് അടിച്ച് കൊല്ലുവാൻ ശ്രമിക്കരുത്. യഹോവയെ ഭയപ്പെട്ട് അവന്റെ വഴികളിൽ നടക്കുക. അവൻ ഭാഗ്യവാൻ എന്ന് വേദപുസ്തകം പറയുന്നു. കർത്താവിന്റെ ബാലശിക്ഷയിലും, പത്ഥ്യോപദേശത്തിലും പോറ്റിവളർത്തണം. “ബാലന് ശിക്ഷകൊടുക്കാതിരിക്കരുത്. വടികൊണ്ട് അടിക്കുന്നതിനാൽ നീ അവന്റെ പ്രാണനെ പാതാളത്തിൽ നിന്ന് രക്ഷിക്കുന്നു” (സദൃശ 23:13-15). “ബാലൻ നടക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യസിപ്പിക്കുക. അവൻ വൃദ്ധനായാലും അതു വിട്ടുമാറുകയില്ല”. നടക്കേണ്ടുന്ന വഴിയിൽ നടത്തുക എന്നുള്ളത് മാതാപിതാക്കളുടെ ചുമതലയാണ്. ഇന്നത്തെ മക്കൾ ആറ്റിലും, തോട്ടിലും, വഴിയിലും ഒക്കെ മരിച്ചു കിടക്കുന്നതിന്റെ രഹസ്യം അവരെ വളർത്തേണ്ടുന്ന വഴിയിൽ വളർത്താത്തതിനാലാണ്. ഏതു പ്രതിസന്ധിയിലും ദൈവത്തിന്റെ മക്കൾ പതറുകയില്ല. ആറ്റിലും, തോട്ടിലും കയറിന്റെ അറ്റത്തും, കുടിച്ചും ചാകുകയില്ല. മതാപിതാക്കൾ ഇത് നന്നായി ചിന്തിക്കുക. അവർക്ക് പൈസാ ഉണ്ടാക്കിക്കൊടുത്താൽ മാത്രം പോരാ. കുഞ്ഞുങ്ങൾക്ക് ചോറ് മാത്രം കൊടുത്താൽ പോരാ. അവർക്ക് കിട്ടേണ്ടതായ ശിക്ഷ അപ്പപ്പോൾ കൊടുത്തിരിക്കണം. മാതാപിതാക്കൾ ശിക്ഷിക്കാത്ത മക്കൾ ഇണങ്ങാത്തവർ, വാത്സല്യമില്ലാത്തവർ, ദൈവവിദ്വേഷികൾ, അമ്മയപ്പന്മാരെ അനുസരിക്കാത്തവർ ഇത്യാദി ആയിത്തീരുന്നു. ഇപ്പോഴത്തെ തലമുറ ഇങ്ങനെ വളർന്ന് കൂലിത്തല്ലുകാരും, കുഴപ്പക്കാരും സമൂഹത്തിന് ഉപദ്രവകാരികളായി മാറുമ്പോൾ അല്ല വളം വയ്ക്കേണ്ടത്. അതു കതിരാകുന്നതുവരെ വളം വയ്ക്കുവാൻ കാത്തിരിക്കരുത്. സമയത്ത് ചെയ്യേണ്ടവ സമയത്തു തന്നെ ചെയ്യുക.

**പെൺമക്കളെയും ഭാര്യയെയും തിരിച്ചറിയാൻ വയ്യാത്ത കാലം.**

ധാരാളം പിതാക്കന്മാരും, സഹോദരന്മാരും പെൺമക്കളേയും, സഹോദരിമാരേയും തിരിച്ചറിയുന്നില്ല. അവരുടെ ദാഹം അവരിൽ തീർക്കുന്നു. സ്വന്തം മക്കളെ ഭാര്യയായി ഉപയോഗിക്കുന്ന അപ്പന്മാരും സ്വന്തം സഹോദരിമാരെ ഭാര്യയായി കരുതുന്ന സഹോദരന്മാരും ഉള്ള ദേശത്തിന് അയ്യോ കഷ്ടം. കുടിയൻ കുടിച്ചിട്ട് തന്റെ വിഷമങ്ങൾ മറക്കുവാൻ കുടിക്കുന്നതായി പറയുന്നു. അതിനുള്ള എളുപ്പവഴി ദൈവത്തിൽ ആശ്രയിക്കുക. അപ്പോൾ ഈ വിഷമങ്ങൾ ഇറക്കിവയ്ക്കുവാൻ ഒരു നല്ല കൂട്ടുകാരനെകൂടെ നമുക്ക് കിട്ടും. അതിൽകൂടിയ ഒരു മരുന്നില്ല. കുടിയൻ കുടിച്ചിട്ട് മത്തനായി തീരുന്നു. സ്വന്തം കാര്യം നോക്കുവാൻ തനിക്കു പ്രയാസമായിവരുന്നു. അതുംകൂടാതെ നിരപ

രാധികളായ ഭാര്യയേയും മക്കളേയും പൊതിരേ തല്ലുന്നു. ഈ അന്യായത്തിന് കൊടിപിടിക്കു വാനോ സമരം നടത്തുന്നതിനോ ആരും തന്നെ റെഡിയല്ല. ഈ കാര്യങ്ങൾ പറയുന്ന ഞാനും അല്ല. കാരണം എന്റെ ജോലി സുവിശേഷവേ ലയാണ്. ഞാൻ കൊടിപിടിക്കുവാനും, സമര ത്തിന് പോകുന്നതും എന്റെ സ്വർഗ്ഗത്തിലെ അപ്പന് വളരെ ആക്ഷേപമാണ്. പള്ളി വേറെ പള്ളിക്കൂടം വേറെ. എന്നാൽ സമരത്തിനായി കൊടിപിടിക്കുന്ന ഒരു കൂട്ടർ ഉണ്ടല്ലോ. ഇതിന് കൊടിപിടിക്കുവാനും, സിന്താബാദ് വിളിക്കു വാനും ഞാൻ തയ്യാറല്ല. കാരണം വേണ്ടാത്ത കാര്യത്തിനാണ് കൊടിപിടി കൂടുതലും; നല്ല കാര്യത്തിനല്ല. അവരവരുടെ സ്ത്രീകളുടെയും കുഞ്ഞുങ്ങളുടെയും ചോരകുടിക്കുന്ന കുള അട്ടകൾ ധാരാളം. സ്ത്രീകൾ ഒരു കാര്യം പ്രത്യേകം ശ്രദ്ധിക്കണം. കുടിച്ച് ബോധമില്ലാ തെവരുന്ന ഭർത്താവിനോട് അതും ഇതും പറഞ്ഞ് കോപിപ്പിക്കരുത്. കുടിയും, ക്ഷീണവും മാറി സമാധാനത്തിൽ ഇരിക്കുമ്പോൾ അവരെ കാര്യം പറഞ്ഞ് മനസ്സിലാക്കണം. അല്ലാതെ അവരുടെ അടി വാങ്ങാൻ ഒരുങ്ങരുത്. നിരപ രാധികളായ കുഞ്ഞുങ്ങളും അടികൊള്ളുന്നു. ആ കുഞ്ഞുങ്ങളെ നല്ല വഴിയിൽ വളർത്തേണ്ട അപ്പൻ കുടിച്ച് വെളിവില്ലാതെ ഓടയിൽ കിട ക്കുന്നു. കഷ്ടം സഹിക്കണം. ഈ ലോകജീ വിതത്തിൽ കഷ്ടവും കണ്ണുനീരും ഉണ്ട്. അതു സഹിക്കാതെ ഇവിടെ നിന്നും പോകുന്നതല്ല. ബുദ്ധിഹീനനായ മനുഷ്യൻ ചിന്തിക്കുന്നു കുടി കൊണ്ട് തന്റെ വിഷമം മറക്കുവാൻ സാധിക്കു മെന്ന്. എന്നാൽ അതിനായി കുടി തുടങ്ങി യാൽ ആദ്യത്തെ വിനയിലും വലിയവിന പിന്നെ ഉണ്ടാകുന്നു. വീഞ്ഞ് ചുവന്ന് പാത്ര ത്തിൽ തിളങ്ങുന്നതും രസമായി ഇറക്കുന്നതും നീ നോക്കരുത്. ഒടുക്കം അതു സർപ്പംപോലെ കടിക്കും. അണലിപോലെ കൊത്തും (സദൃശ. 23:31, 32). വീഞ്ഞ് പരിഹാസിയും മദ്യം കല ഹക്കാരനും ആകുന്നു. (സദൃശ 20:1). അതു കുടിച്ചിട്ട് ചാഞ്ചാടി നടക്കരുത്. കുടിയൻ കുടി ച്ചാൽ വീട് മുടിയും എന്നു മാത്രമല്ല കുടിയൻ എന്ന പേരും കിട്ടും. ഇപ്പോൾ കൂലിപ്പണിക്കാ രനും നല്ല കൂലികിട്ടും. അതിൽ ഒരു പൈസായും ഭാര്യയ്ക്കും കുഞ്ഞുങ്ങൾക്കും എത്തുന്നില്ല. കൂടുതൽ പൈസ ഉള്ളപ്പോൾ കുറച്ചുകൂടെ നല്ല സാധനം വാങ്ങി കുടിക്കാമ ല്ലോ. കുടിക്കാതെ അന്തസായി ജീവിക്കുവാൻ പുരുഷൻ ഒരുങ്ങണം. കുടിച്ചിട്ട് പുരുഷത്വം നഷ്ടമാക്കുന്നത് എന്തിനാണ്? നാലാം ക്ലാസിൽ പഠിക്കുന്ന കുട്ടികൾ വരെ ഇപ്പോൾ കുടിക്കുന്നു. കാരണം തന്റെ അപ്പനിൽ നിന്നും പഠിക്കുന്നതാണ്.

**വിദേശ ധനസമ്പാദനം**

ഭാര്യയെയും കുഞ്ഞുങ്ങളെയും കൂടെ കൊണ്ടുപോകുവാൻ കഴിയാത്തവർ വിദേ ശത്തു പോകരുത്. അല്ലെങ്കിൽ അവിവാഹിത രായി ജീവിക്കുക. ആർക്കുവേണ്ടി ധനം സമ്പാ ദിക്കണം. ധനവും സമ്പാദിച്ച് വരുമ്പോഴേക്കും കുഞ്ഞുങ്ങൾ ആരുടേയെങ്കിലും പിന്നാലെ പോകും. സമ്പാദിച്ചത് മതി എന്നു വച്ച് തിരി ച്ചുവന്ന് കുഞ്ഞുങ്ങളെ നോക്കുക. എത്രയും സമ്പാദിക്കുവാൻ അന്യരാജ്യത്ത് കിടക്കരുത്. പ്രാർത്ഥനയ്ക്ക് അവസരം കിട്ടിയാൽ മാത്രം ഭാര്യയുമായി വേർപെട്ട് ഇരിക്കാമെന്നാണു വചനം പറയുന്നത്. ജീവിതം പട്ടിണിയാണെ ങ്കിലും ഒരുമിച്ച് പട്ടിണി കിടക്കണം. മക്കൾക്ക് കിട്ടുന്ന വിദ്യാഭ്യാസം മതി എന്നു വയ്ക്കുക. കൂടുതൽ പഠിപ്പിക്കുവാൻവേണ്ടി അപ്പനും അമ്മയും കുഞ്ഞുങ്ങളെ കളഞ്ഞിട്ട് പോകരുത്. സന്തോഷത്തിലധികം ദുഃഖവും സമ്പാദിച്ച് വരിക മാത്രമാണ് ഫലം. ധനസമ്പാദനം ആയി രിക്കരുത് നമ്മുടെ ലക്ഷ്യം. അയല്ക്കാരനെ പ്പോലെയോ അതിൽ മെച്ചമായോ ജീവിക്കണെ മെന്നുള്ള വ്യാമോഹം പാടില്ല. നമുക്കുവേണ്ടി നാം ജീവിക്കുക. അയല്ക്കാരെ വെല്ലുവിളിക്കു വാൻ ജീവിക്കരുത്. അയല്ക്കാരനുള്ളത് യാതൊന്നും ആഗ്രഹിക്കരുത് (വേദപുസ്തകം) ഉള്ളതുകൊണ്ട് സന്തുഷ്ടജീവിതം നയിക്കുക. ❑

# മുന്തിരിവള്ളി നശിപ്പിക്കുന്ന ചെറു കുറുക്കന്മാർ

ജോയമ്മ സാംസൺ, കൊല്ലം



സഭയും ക്രിസ്തുവും തമ്മിലുള്ള ബന്ധത്തെ ആലങ്കാരികമായി ചിത്രീകരിച്ചിരിക്കുന്ന ഗ്രന്ഥമാണല്ലോ ഉത്തമഗീതം. അതിൽ ശൂലമി എന്ന പെൺകുട്ടി സഭയെയും ഇടയബാലൻ ക്രിസ്തുവിനെയും പ്രതിനിധാനം ചെയ്യുന്നു. തന്റെ പ്രിയനുവേണ്ടി വേർതിരിച്ചിരിക്കുന്ന തോട്ടമാണ് താൻ എന്നു ശൂലമി പറയുന്നു. ഈ തോട്ടത്തിലെ മുന്തിരിവള്ളികൾ പൂത്തിരിക്കുന്നു. അതായത് തന്റെ പ്രിയനുവേണ്ടി ഫലം കായ്ക്കുക എന്ന തന്റെ അഭിലാഷം പൂവണിഞ്ഞിരിക്കുന്നു. അതു നശിപ്പിക്കാൻ എത്തിയിരിക്കുന്ന ചെറുകുറുക്കന്മാരെ പിടിച്ചുകെട്ടിത്തരുവാൻ അവൾ അഭ്യർത്ഥിക്കുന്നതായി ഉത്തമഗീതം 2:15- ൽ നാം കാണുന്നു. അവളുടെ തോട്ടത്തിൽ വിളയുന്ന വിശിഷ്ട ഫലങ്ങളും സുഗന്ധ ദ്രവ്യങ്ങളുമാണ് മാതളം, മൈലാഞ്ചി, ജഡാമാംസി, കുങ്കുമം, വയമ്പ്, ലവംഗം, കുന്തിരുക്കം, മൂറ്, അകില് എന്നിവ. പ്രിയൻ തോട്ടം സന്ദർശിക്കാൻ വരും അപ്പോൾ അതിൽ നിന്നു സുഗന്ധം വീശണം. പ്രിയനു വിശിഷ്ട ഫലങ്ങൾ ഭുജിക്കാൻ സാധിക്കണം (ഉത്ത.ഗീ.4:13-16). ഒൻപതു തരം വിശിഷ്ട ഫലങ്ങൾ ശൂലമിയുടെ തോട്ടത്തിൽ വിളയുന്നു. പ്രിയമുള്ളവരേ, യേശുകർത്താവിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ട നാമോരുത്തരും ദൈവസഭയാകുന്ന തോട്ടത്തിലെ മുന്തിരിവള്ളികളാണ്. നമ്മിൽനിന്നു പുറപ്പെടേണ്ട വിശിഷ്ട ഫലങ്ങളെപ്പറ്റി അല്പമായി ചിന്തിക്കാം.

സാക്ഷാൽ മുന്തിരിവള്ളി നമ്മുടെ കർത്താവായ യേശുക്രിസ്തുവും വിശ്വാസികളായ നാം അതിന്റെ കൊമ്പുകളുമാണ്. കൊമ്പിനു മുന്തിരിവള്ളിയിൽ വസിച്ചിട്ടല്ലാതെ ഫലം കായ്ക്കാൻ കഴിയാത്തതുപോലെ നമുക്കും ആത്മീകഫലം കായ്ക്കണമെങ്കിൽ ക്രിസ്തുവിൽ വസിക്കണം. അതായത് ക്രിസ്തുവിൽ വസിക്കുന്ന നമ്മിൽ ക്രിസ്തുവിന്റെ ജീവരസമാണ് ഒഴുകുന്നത്. ക്രിസ്തുവിനെ കൂടാതെ നമുക്കു ഒരു വിലയുമില്ല; ഒന്നും ചെയ്യാൻ സാധിക്കയുമില്ല. തോട്ടക്കാരനായ പിതാവ് തന്റെ തോട്ടത്തിൽ നമ്മെ ക്രിസ്തുവിനോടു ചേർത്തു നട്ടിരിക്കുകയാണ്. നല്ല ഫലം കായ്ക്കുക, അതാണു ലക്ഷ്യം.

**എന്താണ് നമ്മിൽ ഉത്ഭവിക്കേണ്ട വിശിഷ്ട ഫലങ്ങൾ?**

നാം ക്രിസ്തുവിൽ വസിക്കുമ്പോൾ ക്രിസ്തുവിന്റെ ആത്മാവ് (പരിശുദ്ധാത്മാവ്) നമ്മിൽ വസിച്ച് ഫലം പുറപ്പെടുവിക്കുന്നു. ''ആത്മാവിന്റെ ഫലമോ: സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത, ഇന്ദ്രിയജയം" (ഗലാ.5:23). ഇവയെല്ലാം ഒന്നോടൊന്നു ബന്ധപ്പെട്ടിരിക്കുന്നു. ഒന്നിന്റെ അഭാവത്തിൽ മറ്റുള്ളവയെല്ലാം നിഷ്ഫലമായി പോകുന്നു. അതായത് സ്നേഹമില്ലാത്തിടത്തു സന്തോഷമില്ല. സന്തോഷമില്ലെങ്കിൽ സമാധാനമില്ല. ഇങ്ങനെ ഓരോന്നും ഒന്നോടൊന്നു ബന്ധപ്പെട്ടിരിക്കുന്നു. ഒരു ഫലത്തിന്റെ ഒൻപതു അല്ലികൾ എന്നർത്ഥം. അതുകൊണ്ടാണ് ആത്മാവിന്റെ ഫലം എന്നു ഏകവചനത്തിൽ പറഞ്ഞിരിക്കുന്നത്.

ഇവയെല്ലാം ഒരു ദൈവപൈതലിനുണ്ടായിരിക്കേണ്ട ഗുണവിശേഷങ്ങളാണ്. ദൈവത്തിന്റെ കൃപയാലാണ് ഇവയൊക്കെ നമുക്കു ലഭിക്കുന്നത്. ഒരു ചെടി ഫലം തരുമ്പോൾ

അതിനെ നട്ടവൻ സന്തോഷിക്കുന്നു. അതു ഭുജിക്കുന്നവരെ രസിപ്പിക്കുന്നു. ഉടയവൻ തന്റെ പ്രയത്നം ലക്ഷ്യം കണ്ടതിൽ സംതൃപ്തനാകുന്നു. അതുപോലെ നാം ആത്മീയഫലം പുറപ്പെടുവിക്കുമ്പോൾ ദൈവം സന്തോഷിക്കുന്നു. അതു മറ്റുള്ളവരെ ആനന്ദിപ്പിക്കുന്നു. നമുക്കു സംതൃപ്തി ലഭിക്കുന്നു.

ഈ ഫലങ്ങളൊക്കെ ഒരു ഊനവുമില്ലാതെ പാകമാകണമെന്നില്ല. കാരണം നാം ദുഷ്ടന്റെ സ്വാധീനത്തിൽ ഉള്ള ലോകത്തിലാണു ജീവിക്കുന്നത്. ആയതിനാൽ നാം ഫലം പുറപ്പെടുവിക്കുന്നത് അവൻ ഇഷ്ടപ്പെടുകയില്ല. ഫലം ഉണ്ടാകാതിരിക്കാൻ അവൻ ചെടിയിൽ പൂക്കളുണ്ടാകുമ്പോൾതന്നെ അതിനെ നശിപ്പിക്കാൻ തന്ത്രങ്ങൾ ഉപയോഗിക്കും. ശൂലമിയുടെ ഭാഷയിൽ പറഞ്ഞാൽ മുന്തിരിവള്ളി നശിപ്പിക്കുന്ന ചെറു കുറുക്കന്മാരാണവർ (ഉ.ഗീ.2:15). കുറുക്കന്മാർ രാത്രിയെ ഇഷ്ടപ്പെടുന്ന ജന്തുക്കളാണ്. രാത്രിയിലാണവ സഞ്ചരിക്കുന്നത്. വലിയ കുറുക്കന്മാരേക്കാൾ ചെറു കുറുക്കന്മാർ മുന്തിരിത്തോട്ടത്തിൽ വലിയ നാശം വിതെക്കും. അവ വേരും വള്ളിയും പൂക്കളുമെല്ലാം നശിപ്പിച്ചുകളയും. ഈ ചെറു കുറുക്കന്മാർ പിശാചിനെ ദ്യോദിപ്പിക്കുന്നു. വിശ്വാസിയിൽ ആത്മീയ ഫലമുണ്ടാകാതിരിക്കാൻ അവൻ പ്രവർത്തിക്കും.

സാധാരണയായി നാം കാര്യമായി കണക്കാക്കാത്ത ചില പാപങ്ങളാണ് ചെറുകുറുക്കന്മാർ. ഒരു വിശ്വാസിയുടെ ജീവിതത്തിൽ കടന്നുവരാവുന്ന ചെറു കുറുക്കന്മാർ എന്തൊക്കെയാണെന്നു നമുക്കു അല്പമായി ചിന്തിക്കാം.

1. നന്മ ചെയ്യാനറിഞ്ഞിട്ടും ചെയ്യാത്തവന്നു അതു പാപം തന്നേ (യാക്കോബ്.4:17)

2. മുഖപക്ഷം കാണിച്ചാലോ പാപം ചെയ്യുന്നു (യാക്കോബ്.2:9)

3. മറ്റുള്ളവർക്കുവേണ്ടി പ്രാർത്ഥിക്കാതിരിക്കുന്നതിനാൽ യഹോവയോടു പാപം ചെയ്യുന്നു (1.ശമു.12:23)

4. മറ്റുള്ളവരിൽ നിന്നു പ്രശംസ കിട്ടുവാൻവേണ്ടി കൊടുക്കുന്നത് (മനസ്സോടെ കൊടുക്കാത്തത്) പാപമാണ്. ഉദാഹരണമായി ഒരു വചനാംശം ശ്രദ്ധിക്കാം. സഭയുടെ ആരംഭകാലത്ത് വിശ്വസിച്ചവരുടെ കൂട്ടം ഏകഹൃദയവും ഏക മനസ്സും ഉള്ളവരായിരുന്നു. തനിക്കുള്ളത് ഒന്നും സ്വന്തമെന്ന് ആരും പറഞ്ഞില്ല. സകലവും അവർക്കു പൊതുവായിരുന്നു. ബർന്നബാസ് എന്ന ഒരു ലേവ്യൻ തനിക്കുണ്ടായിരുന്ന നിലം വിറ്റ് പണം കൊണ്ടുവന്നു അപ്പൊസ്തലന്മാരുടെ കാല്ക്കൽ വെച്ചു. ഇതു കണ്ട് അനന്യാസ് – സഫീര ദമ്പതികൾ തങ്ങളുടെ നിലം വിറ്റു അതിൽ കുറെ മാറ്റിവെച്ചശേഷം ഒരംശം കൊണ്ടുവന്നു അപ്പൊസ്തലന്മാരുടെ കാൽക്കൽവെച്ചു. സ്വയപ്രശംസയ്ക്കുവേണ്ടി ചെയ്ത ഈ പ്രവൃത്തി പരിശുദ്ധാത്മാവിനോടു വ്യാജം കാണിക്കുകയായിരുന്നു. തത്ക്ഷണം അതിനുള്ള ശിക്ഷയും ലഭിച്ചു (അപ്പൊ.5:1–5).

5. വിശ്വാസത്തിൽ നിന്നു ഉത്ഭവിക്കാത്തതൊക്കെയും പാപമത്രേ (റോമ.14:23).

6. കപടഭക്തിയോടെയുള്ള പ്രാർത്ഥന (മത്താ.6:5)

7. കപടഭക്തിയോടെയുള്ള ഉപവാസം (മത്താ.6:16)

8. പരിഹാസികൾ (ലൂക്കൊ.8:49–56), (ഉത്പ.21:8–10)

യേശു പള്ളിപ്രമാണിയുടെ മകളെ മരണത്തിൽനിന്നു ജീവനിലേക്കു പ്രവേശിപ്പിക്കുന്ന സമയത്ത് പരിഹാസികളെ മുറിയിൽനിന്നു പുറത്താക്കിക്കളഞ്ഞു. യിശ്മായേൽ പരിഹാസി എന്നുകണ്ട് സാറാ അബ്രഹാമിനോടു ദാസിയെയും മകനെയും പുറത്താക്കിക്കളയാൻ പറയുന്നു. പരിഹാസികളോടുകൂടെ പ്രാർത്ഥിക്കുന്നത് കർത്താവ് ഇഷ്ടപ്പെടുന്നില്ല. അതുപോലെതന്നെ തന്റെ മകൻ പരിഹാസിയോടുകൂടെ വളരുന്നത് സാറയും ഇഷ്ടപ്പെടുന്നില്ല.

9. വമ്പു പറഞ്ഞു പ്രശംസിക്കുന്നത് ദോഷം ആകുന്നു (യാക്കോ.4:16)

10. കൂട്ടുകാരനെ നിന്ദിക്കുന്നവൻ പാപം

ചെയ്യുന്നു (സദൃ.14:21).

11. ഗർവ്വമുള്ള ഏവനും യഹോവെക്കു വെറുപ്പ് (സദൃ.16:5).

മേല്പറഞ്ഞവയൊക്കെ നാം പാപമായി കണക്കാക്കാത്തവയാണ്. എന്നാൽ ഇവയൊക്കെ ക്രിസ്തുവിന്റെ ജീവരസത്താൽ ഫലം കായ്ക്കേണ്ട മുന്തിരിവള്ളിയെ നശിപ്പിക്കുന്ന ചെറുകുറുക്കന്മാരാണ്. അവയെ മുളയിലേ നുള്ളിക്കളയണം. അല്ലെങ്കിൽ മുന്തിരിത്തോട്ടത്തെ മുഴുവനും നശിപ്പിച്ചു കളയും. അനേകം മുന്തിരിവള്ളികൾ വളരുന്ന തോട്ടമാണ് സഭ. ഫലം പുറപ്പെടുവിക്കാത്ത വിശ്വാസികളെക്കൊണ്ടു സഭ നിറയും. അതിനു നാം ഒരിക്കലും അവസരം ഉണ്ടാക്കുവാൻ പാടില്ല.

പ്രിയ സഹോദരിമാരേ, നാം അറിയാതെതന്നെ ഈ വക പാപങ്ങളൊക്കെ നമ്മിൽനിന്നു പുറപ്പെടുവാൻ ഇടയുണ്ട്. ഈ വകയൊന്നും പാപങ്ങളായിത്തന്നെ മിക്കവരും മനസ്സിലാക്കുന്നില്ല. അതു തിരിച്ചറിയണമെങ്കിൽ ദൈവവചനം ശ്രദ്ധയോടെ വായിക്കണം, പഠിക്കണം. ജീവിതത്തിൽ ഉണ്ടാകാവുന്ന എല്ലാ കളയും നീക്കിക്കളയുക. അപ്പോൾ നമ്മുടെ ജീവിതമാകുന്ന വയൽ കർത്താവു പറഞ്ഞതുപോലെ മുപ്പതും, അറുപതും, നൂറും മേനി ഫലം പുറപ്പെടുവിക്കാൻ ഇടയാകും. നമ്മിൽ നിന്നു തലമുറയായുള്ള ദുശ്ശീലങ്ങൾ ഭാവിതലമുറയിലേക്കു കടക്കുവാൻ പാടില്ല. അതുകൊണ്ട് നമ്മുടെ മക്കളെയും ഈ ചെറുകുറുക്കന്മാരെ ആട്ടിക്കളയുവാൻ പഠിപ്പിക്കുക. നമുക്കു ദാവീദിനെപ്പോലെ പ്രാർത്ഥിക്കാം. "തന്റെ തെറ്റുകളെ ഗ്രഹിക്കുന്നവൻ ആർ? മറഞ്ഞിരിക്കുന്ന തെറ്റുകളെ പോക്കി എന്നെ മോചിക്കേണമേ. സ്വമേധാപാപങ്ങളെ അകറ്റി അടിയനെ കാക്കേണമേ; അവ എന്റെ മേൽ വാഴരുതേ (സങ്കീ.19:12,13)." "ദൈവമേ, എന്നെ ശോധന ചെയ്തു എന്റെ ഹൃദയത്തെ അറിയേണമേ; എന്നെ പരീക്ഷിച്ചു എന്റെ നിനവുകളെ അറിയേണമേ. വ്യസനത്തിനുള്ള മാർഗ്ഗം എന്നിൽ ഉണ്ടോ എന്നു നോക്കി, ശാശ്വത മാർഗ്ഗത്തിൽ എന്നെ നടത്തേണമേ" (സങ്കീ.139:23,24).

❑

*4-ാം പേജിൽ നിന്നും തുടർച്ച (കാഴ്ചയും വഴിപാടും)*

ഹിതനെപ്പോലെ ജാതികളുടെ ഇടയിലെ സുവിശേഷഘോഷണം, ഒരു വഴിപാട് അർപ്പിക്കുന്ന സൂക്ഷ്മതയോടെ തുടർമാനമായി അർപ്പിച്ചുകൊണ്ടിരുന്നു. ഒരിക്കലോ വല്ലപ്പോഴുമോ അർപ്പിക്കുന്ന വഴിപാടായിട്ടല്ല പൗലൊസ് ജാതികളുടെ ഇടയിലെ സുവിശേഷ ഘോഷണത്തെ കണക്കാക്കിയത്. തന്നിൽ ഭരമേല്പിച്ചിരുന്ന ശുശ്രൂഷയെ ഒരു പുരോഹിതന്റെ ഉത്തരവാദിത്വത്തോടും സമർപ്പണത്തോടും കൂടെ നിറവേറ്റിക്കൊണ്ടിരിക്കുകയായിരുന്നു.

പാപിനിയായ സ്ത്രീ യേശുവിനെ കാണുവാൻ പരീശന്റെ വീട്ടിൽ എത്തിയത് ഒരു വെൺകൽ ഭരണി പരിമളതൈലവുമായിട്ടായിരുന്നു (ലൂക്കൊ. 7:37). വിദ്വാന്മാർ തങ്ങളുടെ നിക്ഷേപപാത്രങ്ങളുമായിട്ടായിരുന്നു രാജാവായി പിറന്നവനെ അന്വേഷിച്ച് ചെന്നത്. അവരുടെ കാഴ്ച ഭക്തിയുടെ പ്രദർശനമായിരുന്നുവെങ്കിൽ യോസേഫിന്റെ സഹോദരന്മാരുടേത് അധിപതിയെ പ്രീതിപ്പെടുത്തുന്നതിനുള്ളതായിരുന്നു. അഥവാ കാര്യസാധ്യത്തിനുള്ളതായിരുന്നു.

അനുഭവത്തിൽ നിന്നോ നിക്ഷേപങ്ങളിൽ നിന്നോ ഉള്ള അർപ്പണങ്ങളെക്കാൾ തന്നെത്താൻ ദൈവസന്നിധിയിൽ യാഗമായിത്തീരുന്നതാണ് വിലയേറിയത്. "നിങ്ങൾക്കുള്ളതിനെയല്ല, നിങ്ങളെത്തന്നെ ഞാൻ അന്വേഷിക്കുന്നു" (2 കൊരി. 12:14) എന്നു പൗലൊസ് പറയുന്നതുപോലെ നമ്മെത്തന്നെ ദൈവസന്നിധിയിൽ യാഗമായി അർപ്പിക്കാം. ദൈവഹിതത്തിനായി നമ്മെത്തന്നെ ഏല്പിച്ചുകൊടുക്കാം. ദൈവം കൃപ നല്കട്ടെ. ❑

# ഈ ലോകത്തിന് അനുരൂപമാകാതെ...

പാസ്റ്റർ എ. ജെ. ജോൺ, കൊഴുവല്ലൂർ



**"ഈ** ലോകത്തിന് അനുരൂപമാകാതെ' .... ക്രിസ്തീയജീവിതത്തെ സംഗ്രഹിച്ചു പറയാവുന്ന പ്രയോഗമാണിത്. യേശുവും ശിഷ്യരും അവരുടെ വാക്കിലും പ്രവൃത്തിയിലും കാട്ടിത്തന്നതും ഈ ലോകത്തിനു അനുരൂപമാകാതെ എങ്ങനെ ജീവിക്കാം എന്നാണ്. ഈ ലോകത്തിന് അനുരൂപമാകാതെ എങ്ങനെ ജീവിക്കാം എന്നു മാത്രമല്ല, എങ്ങനെ ജീവിച്ചു മരിക്കാം എന്നും ലോകത്തിനു കാട്ടിത്തന്നു. എങ്ങനെ ജീവിക്കാം എന്നു മാത്രമേ നമ്മൾ ചിന്തിക്കാറുള്ളൂ എന്നാൽ യേശുകർത്താവും ശിഷ്യന്മാരും അവരുടെ മരണത്തെക്കുറിച്ചും അഥവാ മരിക്കാൻ ഒരുക്കമാണെന്നും ഓർമ്മിപ്പിക്കുന്നുണ്ട്.

റോമാലേഖനം 12-ാം അദ്ധ്യായത്തിൽ; ഈ ലോകത്തിനു അനുരൂപമാകാതെ എന്ന പ്രബോധനം പ്രധാനമായും ആരാധനയുടെ ബന്ധത്തിൽ പറഞ്ഞിരിക്കുന്നതാണ്. ആരാധന ആത്മാവിലും സത്യത്തിലും ആയിരിക്കണം എന്നു കർത്താവുതന്നെ പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് അവിടെ ശരീരം അപ്രസക്തമാണെന്നു കരുതാൻ ന്യായമില്ല. റോമ. 12:1-ൽ ശരീരങ്ങളെ വിശുദ്ധീകരിക്കുന്നതും പ്രധാനമാണ്. ഇവിടെപ്പറയുന്ന ശരീരശുദ്ധീകരണം കേവലം ബാഹ്യമായ ശുദ്ധീകരണമല്ല. അതിന്റെ അർത്ഥതലങ്ങൾ വിപുലമാണ്. വിഗ്രഹാരാധനയിൽ നിന്നും ലൗകീകതയിൽ നിന്നും മുക്തമായ അവസ്ഥയിലേക്ക് ആത്മാവിനെയും ശരീരത്തേയും എത്തിച്ചുള്ള; മറ്റൊരർത്ഥത്തിൽ പറഞ്ഞാൽ വേർപാട് അനുഷ്ഠിക്കുന്ന അവസ്ഥ അതാണ് ഉദ്ദേശിക്കുന്നത്. "ജഡം ബലഹീനം ആത്മാവ് ഒരുക്കമുള്ളത്" എന്ന ലാഘവം അഭികാമ്യമല്ല.

ക്രൈസ്തവർ ഈ ലോകത്തിലാണ് ജീവിക്കുന്നതെങ്കിലും ഈ ലോകത്തിലെ അക്രൈസ്തവരെപ്പോലെ ജീവിക്കാൻ സ്വതന്ത്രരല്ല. ക്രൈസ്തവസഭയുടെ ശൈശവദശയിൽ റോമിലെ സഭയോട് ഈ ഉപദേശം പൗലൊസ് ശ്ലീഹ നല്കിയെങ്കിലും വിരോധാഭാസമെന്നോണം; ക്രൈസ്തവർ എങ്ങനെ ഈ ലോകത്തിനു അനുരൂപരാകാം എന്നു കാട്ടിത്തരുകയായിരുന്നു പിൽകാലത്ത് റോമിലെ ക്രൈസ്തവർ. വിശുദ്ധ ബൈബിളിന്റെ അടിസ്ഥാന പ്രമാണങ്ങളിലേക്ക് ദുരുപദേശത്തെ സമർത്ഥമായി എങ്ങനെ സന്നിവേശിപ്പിക്കാം എന്നതിന്റെ നേർകാഴ്ചയായി അധഃപതിക്കുകയായിരുന്നു റോമിലെ സഭ.

അടുത്തകാലത്തു കേരളത്തിൽ വിവാഹവേദിയിൽ നീട്ടിവളർത്തി കെട്ടിവച്ച കേശാലങ്കാരത്തോടെ നിയുക്തവരൻ ഉപവിഷ്ടനായപ്പോൾ മുഖ്യകാർമ്മികനായ പാസ്റ്ററും സദസ്യരും അല്പമല്ലാതെ അമ്പരന്നുപോയി. വേർപെട്ട സഭകളിൽ പതിവില്ലാത്ത കാഴ്ച കണ്ടവർ കുശുകുശുത്തു. വധുവിന്റെ കേശാലങ്കാരം അനുവദനീയമാണെങ്കിലും വരന്റെ മുടിവെട്ടിലും ഒരു സ്റ്റാൻഡേർഡ് കല്പിതമായിരുന്നു. ഇക്കാലമത്രയും. വിവാഹം കഴിഞ്ഞെങ്കിലും വിവാദം കൊഴുക്കുകയായിരുന്നു.

ഒടുവിൽ മുഖ്യകാർമ്മികനായ പാസ്റ്റർ പൊതു സമൂഹത്തോട് മാപ്പു പറഞ്ഞതിനെച്ചൊല്ലിയും പാസ്റ്റർമാർ ചേരിതിരിഞ്ഞ് വാദപ്രതിവാദങ്ങൾ നടത്തി; "അമ്മയെ തല്ലിയാലും രണ്ടുപക്ഷം ഉണ്ടാകും" എന്ന ചൊല്ലിനെ അനുസ്മരിപ്പിക്കുംവിധം ഇരുപക്ഷത്തും പാസ്റ്റർമാർ അണിനിരന്നതിന്റെ കോലാഹലം നവമാധ്യമങ്ങളിലൂടെ ആഘോഷമാക്കി. ചില്ലിട്ട ചിത്രത്തിലെ യേശുവിനെപ്പോലെ നീണ്ടമുടിയും താടിമീശയുമുള്ള പുരോഹിതന്മാർ മുടിനീട്ടിയ വരനെയും മുടിമുറിച്ച വധുവിനെയും ആഘോഷപൂർവ്വം അത്യാഡംബരമായി വിവാഹം കഴിപ്പിച്ച് ആശീർവദിക്കുന്നതു പത്രത്തിന്റെ ഒന്നാം പേജിൽ നല്ല വാർത്തയാകുമ്പോഴാണ് മുടിനീട്ടിയ പയ്യന്റെ വിവാഹം പാസ്റ്റർ നടത്തിയത് വിവാദവാർത്ത ആയത്.


"പുരുഷൻ മുടിനീട്ടിയാൽ അതു അവനു അപമാനം" (1 കൊരി 11:14). ഈ വാക്യത്തിന്റെ അടിസ്ഥാനത്തിലാണ് വേർപെട്ട സഭാസമൂഹത്തിലെ സഹോദരന്മാർ മുടിനീട്ടിവളർത്താത്തത്. കൊരിന്തുസഭയിൽ തന്നെ ഇതുമായി ബന്ധപ്പെട്ട വിവാദങ്ങൾ ഉണ്ടായിരുന്നു എന്ന സൂചനയുണ്ട് പൗലൊസ് ശ്ലീഹയുടെ വാക്കുകളിൽ (11:16). സ്ത്രീകൾ മുടിനീട്ടിവളർത്തുന്നതും പുരുഷൻ തലമുടി വെട്ടി വെടിപ്പാക്കുന്നതും അക്കാലത്തെ പ്രകൃതി നിയമം (ഫാഷൻ) ആയിരുന്നെന്നും അതിനെതിരെ തർക്കിക്കുന്ന മര്യാദ ഞങ്ങൾക്കില്ലെന്നും വ്യക്തമാക്കുന്നു. "വിവാഹം എല്ലാവർക്കും മാന്യം" (എബ്രാ 13:4) എന്ന വാക്യത്തിൽ എല്ലാം അടങ്ങിയിരിക്കുന്നു.

മലങ്കരയിലെ പുരാതന ക്രൈസ്തവ പുരുഷന്മാർ ശിരോമുണ്ഡനം ചെയ്തിരുന്നത് ബുദ്ധസന്യാസിമാരെ അനുകരിച്ചായിരുന്നു. ബുദ്ധവിഹാരങ്ങളെ അനുകരിച്ചാണ് ക്രൈസ്തവ ആരാധനാലയങ്ങൾക്ക് "പള്ളി" എന്ന പേരു ലഭിച്ചതും. "തോമാശ്ലീഹാ മലങ്കരയിൽ മാർഗ്ഗം കൂട്ടിയത്" ബുദ്ധമതക്കാരായ ദ്രാവിഡരെ മാത്രമായിരുന്നു എന്നതിന്റെ മറ്റൊരു സൂചന പുരാതനപാട്ടു സാഹിത്യം തമിഴിൽ ആയിരുന്നു. സംസ്കൃതത്തിൽ ആയിരുന്നില്ല എന്നതാണ്. "നാനം മോനം ലിപിയിലെ വ്യവഹാര രേഖകൾ സൂചിപ്പിക്കുന്നതും പുരാതന ക്രൈസ്തവരുടെ ബുദ്ധമത സ്വാധീനത്തെയാണ്. "തോമാശ്ലീഹായുടെ കാലത്ത്" മൊട്ടത്തലയന്മാരായിരുന്ന മലങ്കരയിലെ പുരാതന പിതാമഹന്മാർക്കു എ. ഡി. 8-10 നൂറ്റാണ്ടുകളിൽ ബ്രാഹ്മണാധിപത്യ കാലമായപ്പോൾ മൊട്ടത്തലയിൽ 'കുടുമ' പ്രത്യക്ഷപ്പെട്ടുതുടങ്ങി; അന്നത്തെ ഫാഷൻ അതായിരുന്നു. പത്തൊമ്പതാം നൂറ്റാണ്ടിൽ C.M.S. മിഷണറിമാർ മദ്ധ്യതിരുവിതാംകൂറിൽ സുവിശേഷീകരണം ആരംഭിക്കുമ്പോൾ (1816) പുരാതന പൗരസ്ത്യ സുറിയാനിസഭയിലെ പുരുഷന്മാർ കാതിൽ കല്ലുവച്ച കടുക്കനിട്ടവരും സവർണ്ണഹിന്ദുക്കളെപ്പോലെ തലയിൽ കുടുമ (കുടുമി) വച്ചവരും ആയ അപരിഷ്കൃതർ ആയിരുന്നു. ഹിന്ദുക്കളുടെ സകല അന്ധവിശ്വാസങ്ങളും അനാചാരങ്ങളും അനുസരിച്ച് ജീവിച്ചു വരികയായിരുന്നു. C.M.S. മിഷണറിമാർ 1816 മുതൽ 1836 വരെ 20 വർഷം കഠിനപ്രയത്നം നടത്തിയതുകൊണ്ടാണ് കോട്ടയത്തെ ഇന്നത്തെ അച്ചായന്മാരുടെ പിതാമഹന്മാർ മുടിമുറിച്ച് പരിഷ്കാരികൾ ആയത്. 21-ാം നൂറ്റാണ്ടിൽ മുടിവളർത്തി കെട്ടിവയ്ക്കുന്ന ആൺകുട്ടികൾ അറിയുക ഇതു പുതിയ ഫാഷൻ അല്ല 19-ാം നൂറ്റാണ്ടിൽ അപ്പൂപ്പന്മാർ ഉപേക്ഷിച്ച ഫാഷനാണ്; അപമാനകരമാണെന്നു തിരുവചനവും സാക്ഷ്യപ്പെടുത്തുന്നു. യേശു മുടിനീട്ടി വളർത്തിയിരുന്നില്ല എന്നാണ് ബൈബിൾ സൂചന. യഹൂദന്മാരുടെ ഇടയിലെ നാസീർ വ്രതക്കാർ മാത്രമാണ് തലയിൽ

*ശേഷം 19-ാം പേജിൽ*

# പ്രിസൺ ഫെലോഷിപ്പ്

ഡോ. കുഞ്ഞുമോൻ ചാക്കോ, കോട്ടയം



**ഒന്ന്**, രണ്ട്, മൂന്ന്, നാല് സംഘമായി ഓരോരുത്തനും എണ്ണം നല്കിക്കൊണ്ട് ബ്ലോക്കിലേക്ക് കയറുന്നു. വാർഡന്മാർ ശ്രദ്ധിക്കുന്നുണ്ട്. "എന്നതാടെ കയ്യിൽ?" ബീഡിയാണെന്നുത്തരം വന്നു. "ശരി പൊയ്ക്കോ" ഇരുമ്പു ഗെയിറ്റുകൾ അടയുന്ന ശബ്ദം കേൾക്കാം. താഴിട്ടു പൂട്ടിയിട്ട് ഒന്നുകൂടി വലിച്ചുനോക്കുന്ന മേസ്തിരിമാർ. സായിപ്പു ഭരിക്കുന്ന കാലത്ത് അവരുടെ കുതിരയെ കെട്ടിയിരുന്ന ലയങ്ങൾ ഇന്ന് മനുഷ്യനെ പാർപ്പിക്കുന്ന ജയിലുകളാണ് (Human Warehouses). സ്വാതന്ത്ര്യം ഇല്ലാതെ മാസങ്ങളും വർഷങ്ങളും ചില ജീവിതങ്ങൾ അതിനുള്ളിൽ കഴിയണം. ഈ കൂട്ടരിൽ ചിലരെയാണ് ഈ പേജുകളിലൂടെ നിങ്ങളുടെ മുമ്പിൽ ഞാൻ അവതരിപ്പിച്ചത്. എന്തുകൊണ്ട് അവർ? മനുഷ്യൻ കടന്നു ചെല്ലുവാനാഗ്രഹിക്കാത്തിടമാണ് ജയിൽ. അതിനുള്ളിലുള്ളവരുമായി ചങ്ങാത്തം ആരും ആഗ്രഹിക്കുന്നില്ല. അവരാണ് ഈ പുസ്തകത്തിലെ കഥാപുരുഷന്മാർ. അവർ നമ്മുടെ സ്നേഹവും അനുകമ്പയും അർഹിക്കുന്ന, നമ്മെപ്പോലെ വിചാരവികാരങ്ങളുള്ള മനുഷ്യരാണ്. അവരെ സമൂഹവുമായി ബന്ധിപ്പിക്കുക. അവരെയും അവരുടെ കുടുംബങ്ങളെയും സ്നേഹിക്കുക, കരുതുക. അതാണ് 'പ്രിസൺ ഫെലോഷിപ്പ്'.

**ഡോ. കുഞ്ഞുമോൻ ചാക്കോ എഴുതിയ "തടവുകാരെ തേടി" എന്ന പുസ്തകത്തിൽ നിന്നും**

തടവുകാരൻ എന്നും വെറുക്കപ്പെട്ടവനാണ്. സമൂഹത്തിൽ അവൻ അധികപ്പറ്റാണ്. വീട്ടിൽ അവനെ വേണ്ട, മതത്തിന് അവനെ ഉൾക്കൊള്ളുവാൻ കഴിയില്ല. പോലീസിന് തലവേദനയാണ്. സ്വതന്ത്രലോകത്തിന് പേടിസ്വപ്നമാണ്. എന്നും നിന്ദാപാത്രമാണ്. നാടുകടത്തണമെന്ന് ചിലർക്ക്, ജീവപര്യന്തം ഇരുമ്പഴിക്കുള്ളിലിട്ടാൽ മതിയെന്ന് മറ്റു ചിലർ. പോരാ, തട്ടിയെങ്കിലേ ഇവിടെ സ്വസ്ഥതയുള്ളൂ എന്ന് വേറൊരു പക്ഷം. ജയിൽ പുള്ളിയുടെ സാമീപ്യം ചിലരിൽ സംശയമെങ്കിൽ മറ്റുചിലരിൽ ഭയം ജനിപ്പിക്കുന്നു. കോഴിയെ മുതൽ എരുമയെ വരെ, പോക്കറ്റിലെ അഞ്ചുരൂപ മുതൽ ബാങ്കിലെ ലക്ഷങ്ങൾ വരെ, ചെറിയ മോഷണം മുതൽ വലിയ കൊള്ളവരെ, അടി മുതൽ കൊലവരെ, ബലാത്സംഗവും വേശ്യാവൃത്തിയും, തീവയ്പ്പും കൊള്ളയും, കണ്ണുകളേക്കാൾ വേഗത്തിൽ ചലിപ്പിക്കാൻ കഴിയുന്ന കൈകളുടെയും വിരലുകളുടേയും ഉടമകളായ പോക്കറ്റടിക്കാർ, നീണ്ടുപോകുന്നു ആ പട്ടിക. ആരാണിവർ? എന്തുകൊണ്ട് ഇവർ?

നമ്മിൽ ആരെയും പോലെ ജനിച്ചവർ. അപ്പനും അമ്മയും നല്ല പ്രതീക്ഷകളോടെയാണ് വളർത്തിയത്. ചോറും ചൊല്ലും കൊടുത്തു. അനുസരണയിൽ വളർത്താഗ്രഹിച്ചു. ചിലർ അനുസരിച്ചു. ചിലർ മറുതലിച്ചു. ഏതെങ്കിലും ഒരു മതത്തിന്റെ കെട്ടുവളപ്പിനുള്ളിൽ സമൂഹത്തിന്റെ മതിൽ കെട്ടിനുള്ളിൽതന്നെ വളർത്തി പള്ളിയും അമ്പലവും ഭക്തിയും പ്രാർത്ഥനയും ദൈവവിചാരവും ചെറുപ്പത്തിലെ അവനിൽ കടത്തുവാൻ ആവുന്നത് ചെയ്തു. ചിലരിൽ വിജയിച്ചു. ചിലരിൽ പരാജയപ്പെട്ടു. സ്കൂളിലയച്ചു. നാലക്ഷരം പഠിക്കട്ടെ എന്ന താത്പര്യത്തോടെ. ചിലരത് ജീവി

തയാത്രയുടെ പടികളായി ചവുട്ടി മുകളിലേക്കു കയറി. ചിലർ തട്ടി താഴെ വീണു. തങ്ങളുടെ മകൻ ഒരു കേസിലെ പ്രതി ആകണമെന്നോ ഒരു ജയിൽപുള്ളി ആകണമെന്നോ മാതാപിതാക്കളും ആഗ്രഹിക്കുന്നില്ല. ജയിലിൽ കിടക്കുന്നവരും അവരുടെ മക്കൾ നല്ല നിലയിൽ എത്തുവാൻ ആഗ്രഹിക്കുന്നു. ജയിലിൽ വരുവാൻ അവർ ആഗ്രഹിച്ചില്ല, വന്നുപോയി.

ആരാണിവർ? നമ്മെപ്പോലെയുള്ളവർ. പിടിക്കപ്പെട്ടതിനാൽ അകത്തായി എന്നുമാത്രം. പിടിക്കപ്പെടാത്ത അനേകർ നല്ല നോട്ടിനടിയിലെ കള്ളനോട്ടുപോലെ കൈമാറി സമൂഹത്തിൽ കഴിയുന്നു. അവർ മനുഷ്യരാണ്. ഒരു ബലഹീനനിമിഷത്തിൽ ബുദ്ധി പറഞ്ഞുകൊടുക്കുവാൻ ആരും ഇല്ലാതിരുന്നതിനാലോ, നിയമലംഘനത്തിൽപ്പെട്ടു പോയവരാണവർ. അച്ഛനും അമ്മയും ഉള്ളവരാണവരെല്ലാം. ചിലർ വിവാഹിതരാണ്. മക്കളും കൊച്ചുമക്കളും ഉണ്ടവർക്ക്. സ്നേഹിക്കാൻ കഴിവുള്ളവരും സ്നേഹിക്കപ്പെടുവാനർഹതയുള്ളവരുമാണവർ. ദുഃഖവും വേദനയും നമ്മെപ്പോലെ അനുഭവിക്കുന്നവരാണവർ. ജീവിതത്തെ പുതുതാക്കി അഭിമാനത്തോടെ സമൂഹത്തിൽ തലയുയർത്തി നടക്കാൻ ആഗ്രഹമുള്ളവരാണവർ. കഴിവുള്ളവരാണവർ.

ഇവരെ സമൂഹത്തിലേക്ക് കൊണ്ടുവരണം. 'വേണ്ട, വേണ്ട" എന്ന പ്രതികരണം ഒരു പക്ഷെ നിങ്ങളിൽ നിന്നുണ്ടാകാം. കഴിഞ്ഞ കാല സംഭവങ്ങളും അറിവും അനുഭവവും നിങ്ങളിൽ ഒരു പ്രതിഷേധനിര സൃഷ്ടിച്ചിട്ടുണ്ട്. ക്രൂശിൽ മരിച്ച ക്രിസ്തു അവസാനം കൂടെക്കിടന്ന ജയിൽപുള്ളിയോട് എത്ര അനുകമ്പയോടെ പെരുമാറി. പറുദീസായുടെ അവകാശിയാക്കി അവനെ മാറ്റി. യേശുക്രിസ്തുവിന്റെ മനോഭാവം ആണ് ഓരോ വ്യക്തിയിലും ഉണ്ടാകേണ്ടത്. ഒരു ഭക്തൻ ഇങ്ങനെ പാടി:

"ശിഷ്യനാകുന്ന എന്നെയും നിന്നെ-
പ്പോലെയാക്കണം മുഴുവൻ"

ആ ശിഷ്യന്റെ ആഗ്രഹം അതായിരുന്നു. നമ്മുടെയും ആഗ്രഹവും അതായിരിക്കണം, അതായിരിക്കട്ടെ. തടവുകാരനെ സമൂഹവുമായി ബന്ധിപ്പിക്കുന്നതിനു മുമ്പേ സാധിക്കേണ്ടത് അവനെ ദൈവവുമായി ബന്ധിപ്പിക്കുക എന്നതാണ്. ദൈവവുമായി ബന്ധത്തിൽ ജീവിക്കുന്നവനെ ഉൾക്കൊള്ളുവാനും അംഗീകരിക്കുവാനും ഒരു സമൂഹത്തിനും ഒരു വ്യക്തിക്കും പ്രയാസമില്ല. ദൈവത്തെ ഭയപ്പെടുന്നവനെ ആരും ഭയപ്പെടേണ്ടതില്ല. ദൈവത്തെ ആരാധിക്കുന്നവനെ ആരും വെറുക്കുകയില്ല. തടവുകാരന് ബാഹ്യമായി എന്തെങ്കിലും നന്മയോ അഭിവൃദ്ധിയോ ഉണ്ടാകണമെങ്കിൽ അവൻ ആദ്യമായി പാപത്തെക്കുറിച്ച് പശ്ചാത്തപിച്ച് ദൈവവുമായി ബന്ധത്തിലേക്ക് വരണം. പ്രിസൺ ഫെലോഷിപ്പിന്റെ ഏറ്റവും പ്രധാന പരിപാടി ഇതാണ്. ഒരു തടവുകാരനെ മതം മാറ്റുന്നതിലോ പേരു മാറ്റുന്നതിലോ ഞങ്ങൾ വിശ്വസിക്കുന്നില്ല. ആത്മീയമായ തകരാറും രോഗവുമുള്ളവനാണ് തടവുകാരൻ. യേശുദേവൻ മാതൃക കാണിച്ചു തന്ന വഴി - യേശുദേവനാകുന്ന വഴിയിലൂടെ അവനെ ദൈവത്തോടടുപ്പിക്കുക. പാപത്തിന്റെ പ്രായശ്ചിത്തബലിയായിത്തീർന്ന ക്രിസ്തുദേവനിൽ മോക്ഷം കണ്ടെത്തുക. യേശു ക്രിസ്തു പാപിയെ രക്ഷിക്കുന്നവൻ മാത്രമല്ല, പാപത്തിൽ നിന്നും വേർപെട്ട് ജീവിക്കുവാൻ നമ്മുടെ കൂടെ ഇരിക്കുകയും ചെയ്യുന്നവനാണ്. ദൈവം പാപം ക്ഷമിക്കുമ്പോൾ കുറ്റബോധത്തിൽ നിന്നും വിടുതൽ നല്കുന്നു. സമാധാനവും സ്വസ്ഥതയും സന്തോഷവും നല്കുന്നു. ദൈവത്തോട് സമാധാനം ഉണ്ടാകുന്നു. പാപം വരുത്തിയ ഭാരം പിന്നീടില്ല. ഇതിനായിട്ടാണ് ഞങ്ങൾ ജയിലുകളിൽ സെമിനാറുകളും മീറ്റിംഗുകളും നടത്തി ധാർമ്മിക ഉപദേശം നല്കുന്നത്. തടവുകാർക്ക് വായിക്കുവാൻ ബൈബിളാണ് ഞങ്ങൾ നല്കുന്നത്. ഈ ഗ്രന്ഥം ഏതെങ്കിലും മതത്തിന്റെ മതിലുകൾക്കുള്ളിൽ ഒതുക്കി നിർത്തുന്നത് പാപമാണ്.ദൈവത്തിന് മനുഷ്യനോടുള്ള സന്ദേശമതാണ്. ആശ്വാസത്തിന്റെയും ധൈര്യത്തിന്റെയും സന്തോഷത്തിന്റെയും വാക്കുകൾ അതിലുണ്ട്. ദൈവത്തിന്റെ

ഹൃദയത്തിന്റെ പ്രതിഫലനമാണ് ദൈവവചനം. മനുഷ്യൻ അറിയുവാൻ ദൈവം ആഗ്രഹിക്കുന്ന കാര്യങ്ങൾ ആ ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. ആ ഗ്രന്ഥം മനുഷ്യനെ പാപത്തിൽ നിന്നകറ്റി നിർത്തുന്നു. നരഭോജികളെ നരസ്നേഹികളാക്കിയത് ആ ഗ്രന്ഥമാണ്. ഇരുട്ടിൽ വഴികാട്ടിയാണത്. ദാവീദ് രാജാവ് പറയുന്നത്:

''നിന്റെ വചനം എന്റെ കാലിനു ദീപവും എന്റെ പാതയ്ക്ക് പ്രകാശവും ആകുന്നു" എന്നാണ്.

ജയിലിൽ കിടക്കുന്ന ഓരോ തടവുകാരനും പ്രശ്നങ്ങൾ ഉള്ളവനാണ്. നീറുന്ന ഹൃദയങ്ങൾ, വേദനിക്കുന്ന ജീവിതങ്ങൾ, മുറിവേറ്റ വ്യക്തിത്വങ്ങൾ, ആരുണ്ടവരോട് ആശ്വാസവാക്ക് പറയുവാൻ? പ്രശ്നങ്ങൾ ഒന്നു പറഞ്ഞ് ആശ്വാസം കണ്ടെത്തുവാൻ കേഴുന്ന ജീവിതങ്ങൾ. പട്ടിണിയായ ഭാര്യയെയും കുഞ്ഞുങ്ങളെയും ഓർത്തു വിങ്ങിപ്പൊട്ടുന്നവർ, വാർദ്ധക്യത്തിലായ അപ്പനെയും അമ്മയെയും കാണുവാൻ കൊതിക്കുന്നവർ. ജീവിതത്തിൽ ഏകരായല്ലോ എന്നു കേഴുമ്പോൾ അവരുടെ പ്രശ്നങ്ങളെ ഉദ്യോഗസ്ഥന്മാരുടെ സാന്നിദ്ധ്യത്തിൽ വച്ച് ഞങ്ങൾ കേൾക്കുന്നു. ആശ്വാസത്തിന്റെ വാക്കുകൾ പകരുന്നു. ധൈര്യത്തിന്റെയും പ്രോത്സാഹനത്തിന്റെയും വാക്കുകൾ പറഞ്ഞു കൊടുക്കുന്നു. അവർക്കുവേണ്ടി പ്രാർത്ഥിക്കുന്നു. അവരുടെ കൂടെ പ്രാർത്ഥിക്കുന്നു. ഞങ്ങൾ അവർക്ക് കത്തുകളയയ്ക്കുന്നു. അവരുമായി ഒരു സ്നേഹബന്ധം സ്ഥാപിക്കുന്നു, ഉറപ്പിക്കുന്നു. ചിലരുടെ കുടുംബങ്ങളെ പോയി സന്ദർശിക്കുന്നു. കടുത്ത ദാരിദ്ര്യത്തിലും വേദനയിലും കഴിയുന്നവരെ സഹായിക്കുന്നു. അടുത്തുള്ള സമൂഹവുമായി ആ കുടുംബങ്ങളെ ബന്ധിപ്പിക്കുവാൻ ശ്രമിക്കുന്നു. മോഷണക്കുറ്റം ചെയ്തവൻ ജയിലിൽപോയി എന്നാൽ അവന്റെ ഭാര്യയോടും കുടുംബാംഗങ്ങളോടും നാം പകയുള്ളവരായിരിക്കുവാൻ പാടില്ല. നമ്മുടെ സ്നേഹത്തിന്റെ വലയത്തിൽ അവരെ ഉൾപ്പെടുത്തണം. ആ കുടുംബം പട്ടിണി ആകുന്നു എങ്കിൽ ക്രൈസ്തവ സഭകളും സമൂഹങ്ങളും അവരെ കരുതണം. ക്രിസ്തുവിന്റെ സ്നേഹം ആ കുടുംബം അങ്ങനെ രുചിച്ചറിയണം. ആ കുടുംബം അതീവ മനോവേദനയിലാണ് എന്ന് നാം മറക്കരുത്. നാം അവർക്ക് ആശ്വാസമായിരിക്കേണം. ആ ഹൃദയങ്ങൾ തീ തിന്നുകയാണ്. അവർക്ക് നാം ഒരു തണുപ്പായിരിക്കണം. ഒരു കുടുംബത്തെക്കൊണ്ട് വേറൊരു കുടുംബത്തെ പോറ്റുവാൻ കഴിയുകയില്ല. എന്നാൽ നമ്മുടെ സഭകളും ക്രൈസ്തവ സമൂഹങ്ങളും അതിനു കെല്പുള്ളവരാണ്. സഭയിലെ നേതാക്കന്മാർ അതിന് ഇടവകാംഗങ്ങളെ ആഹ്വാനം ചെയ്യണം. ക്രൈസ്തവരായ നമ്മുടെ സാന്നിദ്ധ്യംകൊണ്ട് ചുറ്റുപാടുമുള്ള ലോകത്തിന് ഒരു രുചി വരണം. "നിങ്ങൾ ലോകത്തിന്റെ ഉപ്പാകുന്നു'' എന്ന് യേശുക്രിസ്തു പറഞ്ഞു. ജയിലിൽ കിടക്കുന്നവരുടെ കുടുംബങ്ങളുമായി സമൂഹം ബന്ധപ്പെടുന്നത് അനേക തടവുകാരുടെ ഉള്ളിൽ വലിയ വ്യത്യാസങ്ങൾ ഉളവാക്കും. സമൂഹം ഞങ്ങൾക്കെതിരാണെന്നുള്ള അലിഖിത പ്രമാണം അവരിൽ നിന്നും മാറ്റും. പ്രിസൺ ഫെലോഷിപ്പ് ചെയ്യുന്ന മറ്റൊരു സേവനമാണിത്.

ഒരു ജയിൽപുള്ളി ശിക്ഷ കഴിഞ്ഞുവന്നാൽ എന്തുചെയ്യും? 'പട്ടിണികിടന്നു മരിക്കുവാൻ ഞാൻ ഭയപ്പെടുന്നു. യാചിക്കാൻ ഞാൻ ലജ്ജിക്കുന്നു" എന്ന് പുറത്തുവന്ന ഒരു തടവുകാരൻ പറഞ്ഞാൽ അവനൊരു ഉപജീവന മാർഗ്ഗം നമ്മുടെ സമൂഹത്തിൽ കണ്ടെത്തിയേ തീരു. സമൂഹം അതിൽ പരാജയപ്പെടുമ്പോൾ കുറ്റകൃത്യങ്ങളിലേക്ക് പിന്നെയും അവൻ വലിച്ചിഴയ്ക്കപ്പെടുന്നു. കുറ്റവാളിയെ യഥാസ്ഥാനപ്പെടുത്തുന്നതിലെ പ്രധാന പങ്ക് സമൂഹത്തിനാണ്. ഗവൺമെന്റ് കസ്റ്റഡിയിലിരുന്ന കാലത്ത് അവന് സംരക്ഷണവും സുരക്ഷിതത്വവും ലഭിക്കുന്നു. ചെറിയ ജോലിയും തുലോം തുച്ഛമായ വേതനവും ലഭിക്കുന്നു. ചുരുക്കം ചിലർക്ക് തൊഴിലഭ്യസിക്കുവാനവസരവും ലഭിക്കുന്നു. ജയിലിനുള്ളിലെ അവസരങ്ങളും സൗകര്യങ്ങളും എന്തായിരുന്നാലും പുറ

ത്തുവരുമ്പോൾ അവൻ പുതിയ ലോകത്തി ലാണ്. ഒരു പുതിയ ലോകത്തിൽ ഇവനെ കൊള്ളിക്കണം. ഇതിൽ വിജയിച്ചാൽ കുറ്റകൃത്യങ്ങളുടെ എണ്ണം ഗണ്യമായി കുറയും. അല്പംകൂടി സുരക്ഷിതമായ സാമൂഹ്യജീവിതം നമുക്കുണ്ടാകും. അനേക കുറ്റവാളികളെ ഓരോ തൊഴിലിൽ ഏർപ്പെടുത്തിക്കൊടുക്കുവാൻ പ്രിസൺ ഫെലോഷിപ്പിനു കഴിഞ്ഞിട്ടുണ്ട്. സമൂഹത്തിലെ അനേകം വ്യക്തികളുടെ ഉള്ളുതുറന്ന സഹകരണംകൊണ്ട് മാത്രമാണിത് സാധിച്ചിട്ടുള്ളത്. അങ്ങനെ ജോലിയിലായിട്ടുള്ള പലരും വിശ്വസ്തതയോടും സമർത്ഥമായും അവനെ ഏല്പിച്ചിട്ടുള്ള ഉത്തരവാദിത്വങ്ങളിൽ തുടരുന്നുണ്ട്. ചിലരുടെ ജീവിതത്തിൽ ചില പരാജയങ്ങൾ ഉണ്ടായിട്ടുണ്ട് എന്നുള്ള വസ്തുത ഞാൻ മറയ്ക്കുന്നില്ല. എന്നാൽ കഴിഞ്ഞ 9 വർഷത്തെ പരിപാടിയിൽ Drop outs 3 ശതമാനമേയുള്ളൂ.

പ്രിസൺ ഫെലോഷിപ്പ് ഒരു സഭാവിഭാഗമോ മതസംഘടനയോ അല്ല. സ്നേഹബന്ധത്തിന്റെയും കൂട്ടായ്മയുടെയും ഒരു അനുഭവമാണ്. ആരെല്ലാമാണ് ഈ സ്നേഹവലയത്തിലുള്ളത്. ജയിലിൽ കിടക്കുന്ന തടവുകാർ, തടവുകാരന്റെ കുടുംബം, അവരെ സ്നേഹിക്കുകയും കരുതുകയും ചെയ്യുന്ന വ്യക്തികളടങ്ങുന്ന സമൂഹം, അവരെ സന്ദർശിക്കുന്ന സ്വമേധയാ പ്രവർത്തകർ, അവർക്കുവേണ്ടി പ്രാർത്ഥിക്കുന്നവർ, ജയിലിൽനിന്നും ഇറങ്ങിവരുന്നവർക്ക് പുനരധിവാസം നല്കുവാൻ തല്പരരായവർ, ഈ പ്രവർത്തനങ്ങൾക്കു വേണ്ട സഹകരണം നല്കുന്ന ജയിൽ ഉദ്യോഗസ്ഥർ, പ്രവർത്തനത്തിന് സാമ്പത്തികസഹായം നല്കുന്ന ജയിൽ ഉദ്യോഗസ്ഥർ, പ്രവർത്തനത്തിന് സാമ്പത്തികസഹായം നല്കുന്ന വ്യക്തികൾ, ഒരു തടവുകാരനെ സ്നേഹിക്കുകയും കരുതുകയും ചെയ്യുന്ന ഏവർക്കും ഈ ചങ്ങലയുടെ കണ്ണികളാകുവാൻ കഴിയും. യേശുക്രിസ്തു കാണിച്ച മാർഗ്ഗമാണ് രൂപരേഖ. അത് കേവലം പള്ളിയിലോ ക്രൈസ്തവ സമുദായത്തിലോ ഒതുങ്ങി നില്ക്കുന്നതല്ലല്ലോ. ആ സ്നേഹം അവർണ്ണനീയമാണ്.

അനുപമ സ്നേഹത്തിൻ ആഴവും ഉയരവും
അകലവും നീളവും അറിയുവാൻ കഴിയുമോ.
ശ്രീയേശുനാഥാ, നിൻ സ്നേഹം

യേശുക്രിസ്തുവിന്റെ ശിഷ്യനായ യോഹന്നാൻ എഴുതിയിരിക്കുന്നത് ഇങ്ങനെയാണ്:

"അവനെ കൈക്കൊണ്ട് അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കളാകുവാൻ അവൻ അധികാരം കൊടുത്തു".

"തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവരും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നല്കുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു."

ഏവർക്കുമുള്ള ഏകവഴി, വ്യവസ്ഥകളില്ലാതെ ഏവരെയും സ്നേഹിക്കുന്ന സ്നേഹം, ആ സ്നേഹത്തിന്റെ ഉടമ ദൈവമാണ്. പ്രിസൺ ഫെലോഷിപ്പിന്റെ നേതൃത്വത്തിൽ ലോകത്തിലെ 95 രാജ്യങ്ങളിലുള്ള ജയിലുകളിൽ ഇന്ന് സുവിശേഷപ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. വിവിധ സഭാവിഭാഗങ്ങളാണ് ഇത് നടത്തുന്നത്. ഈ നിലയിൽ പ്രവർത്തിക്കുന്നവരുടെ ഒരു കൂട്ടായ്മയാണ് പ്രിസൺ ഫെലോഷിപ്പ്. പ്രവർത്തകർ ഒന്നിച്ചുകൂടി ആശയങ്ങൾ കൈമാറുന്നു. അനുഭവങ്ങൾ പങ്കിടുന്നു. ജൂബിലി 'Jubilee' എന്ന പ്രസിദ്ധീകരണം ഇതിനുണ്ട്.

ഓരോ രാജ്യത്തും പ്രിസൺ ഫെലോഷിപ്പ് പ്രവർത്തനങ്ങൾക്ക് മാർഗ്ഗദർശനം നല്കുന്ന ഡയറക്ടർ ബോർഡുണ്ട്. പ്രാപ്തന്മാരും ശ്രേഷ്ഠന്മാരുമായ ക്രൈസ്തവ നേതാക്കളാണ് ബോർഡംഗങ്ങൾ. ഇന്ത്യാ പ്രിസൺ ഫെലോഷിപ്പിന്റെ അദ്ധ്യക്ഷൻ ഡോ. ജോർജ് ശാമുവേലാണ്. ഡയറക്ടർ ബോർഡ് കൂടാതെ വിവിധ തുറകളിൽ നിന്നുമുള്ള ആളുകൾ ഉൾപ്പെട്ട ഉപദേശകസമിതിയും ഉണ്ട്.

അന്തർദേശീയ തലത്തിൽ പ്രവർത്തനത്തിനു നേതൃത്വം നല്കുന്ന ഒരു അന്തർദേശീയ ഡയറക്ടർ ബോർഡുണ്ട്. ചാൾസ് ഡബ്ലിയു കോൾസൻ ആണ് അദ്ധ്യക്ഷൻ.

അദ്ദേഹം അമേരിക്കൻ പ്രസിഡന്റായിരുന്ന റിച്ചാർഡ് നിക്സന്റെ പ്രമുഖ ഉപദേഷ്ടാവായി വൈറ്റ് ഹൗസിൽ പ്രവർത്തിച്ചിരുന്ന ആളാണ്. വാട്ടർഗേറ്റ് സംഭവത്തിന് ശിക്ഷിക്കപ്പെട്ട് ജയിൽവാസം അനുഭവിക്കുന്നതിനിടയിൽ താൻ യേശുക്രിസ്തുവിൽ വിശ്വസിക്കുകയും ജീവിതം യേശുക്രിസ്തുവിന് സമർപ്പിക്കുകയും ചെയ്തു. ജയിൽ വിമുക്തനായ കോൾസൻ തടവുകാരുടെ ഇടയിലെ സുവിശേഷ പ്രവർത്തനങ്ങൾക്കായി ജീവിതം ഉഴിഞ്ഞുവച്ചു. അങ്ങനെയാണ് അമേരിക്കയിൽ പ്രിസൺ ഫെലോഷിപ്പ് എന്ന പ്രവർത്തനം ജാതമായത്. അവ പിന്നീട് പ്രിസൺ ഫെലോഷിപ്പ് ഇന്റർനാഷണലായി വളർന്നു വന്നു. 'ബോൺ എഗേൻ', 'ലൈഫ് സെന്റൻസ്' എന്നീ ഗ്രന്ഥങ്ങളുടെ രചയിതാവായ അദ്ദേഹം ശക്തനായ ഒരു പ്രഭാഷകനും ഇന്നറിയപ്പെടുന്ന ഒരു ക്രൈസ്തവ നേതാവും ആണ്.

പ്രിസൺ ഫെലോഷിപ്പ് പ്രവർത്തനങ്ങളിൽ ഒരു പങ്കാളിയായി തീരുവാനാഗ്രഹിക്കുന്നുവെങ്കിൽ ഞങ്ങൾക്ക് എഴുതുക.

Prison Fellowship,
P.O., Box. 189,
Kottayam,
Kerala-686 001, India

❑

*14-ാം പേജിൽ നിന്നും തുടർച്ച (ഈലോകത്തിന് അനുരൂപരാകാതെ...)*

ക്ഷൗരക്കത്തി തൊടാതെ നടന്നവർ. മൃതകായസ്പർശം നാസീർ വ്രതക്കാർക്ക് വർജ്യമായിരുന്നു. യേശു മൃതശരീരം തൊട്ടതുകൊണ്ട് യേശു മുടിനീട്ടിയ നാസീർവ്രതക്കാരനായിരുന്നില്ല എന്ന അനുമാനം പണ്ഡിത മതം.

ദുഷ്യന്തൻ ശകുന്തളയെ പരിണയിച്ചതു ഗാന്ധർവ്വ വിധിപ്രകാരമായിരുന്നു പരാശരമഹർഷിയും തഥൈവ. ദാവീദും ശലോമോനും ഗാന്ധർവ്വവിധിപ്രകാരം പാണീഗ്രഹണം നടത്തിയവരാണ്. അക്കാലത്തെ രാജനീതി അതായിരുന്നു. അതു ദൈവികവിധി ആയിരുന്നില്ലെന്നു പില്ക്കാല ചരിത്രം വ്യക്തമാക്കുന്നുണ്ട്. ന്യായാധിപന്മാരുടെ ഭരണം പോരാ ലോകത്തിലെ ഇതര സമുദായങ്ങളെപ്പോലെ രാജഭരണം യിസ്രായേൽ ജനത ആവശ്യപ്പെട്ടതു യഹോവയാം ദൈവത്തിന് അനിഷ്ടമായിരുന്നു. ഒരു കാലത്ത് തിരുവിതാംകൂറിൽ വിവാഹത്തിനു പുടവകൊടുക്കൽ, വേളികഴിക്കൽ, സംബന്ധം പിന്നെ താലികെട്ടും; ക്രൈസ്തവരിൽ മിന്നുകെട്ട് ഇപ്പോഴും നടക്കുന്നു. വേർപാട് സമൂഹത്തിൽ കെട്ടാതെയും വിവാഹം നടക്കുന്നു. വിവാഹത്തിലും വേഷവിധാനത്തിലും ആഭരണത്തിലും മാത്രം പരിമിതപ്പെടുത്താതെ; വിശ്വാസികൾ ഈ ലോകത്തോട് അനുരൂപരാകുന്ന ഗുരുതരമായ ഒട്ടനവധി കാര്യങ്ങൾ വേറെയുണ്ട്. യേശുക്രിസ്തു ജീവിച്ചിരുന്ന നൂറ്റാണ്ടിൽതന്നെ ശിഷ്യന്മാർ ജീവിച്ചിരുന്ന ദശകങ്ങളിൽത്തന്നെ കേരളത്തിൽ സഭകൾ സ്ഥാപിക്കപ്പെട്ടു എന്നു ഊറ്റം കൊള്ളുമ്പോഴും ഒന്നാം നൂറ്റാണ്ടിലെ സഭയുടെ ക്രൈസ്തവീകൃത കൈമോശം വന്ന ഒരു ക്രൈസ്തവസമൂഹം കേരളത്തിലുണ്ടാകാൻ വഴിതെളിച്ച സാഹചര്യം ഗൗരവപഠനം അർഹിക്കുന്ന വിഷയമാണ്. കാലാകാലങ്ങളിൽ ക്രൈസ്തവർ ഈ ലോകത്തോട് അനുരൂപരാകാൻ വ്യഗ്രത കാട്ടിയതിന്റെ പരിണതഫലമാണത്. ബൈബിളിൽ ആത്യന്തികമായി മനുഷ്യരെ മൂന്നായി തിരിച്ചിട്ടുണ്ട്. 1) യഹൂദൻ 2) ജാതി 3) ദൈവസഭ. യഹൂദരിൽ നിന്നും അല്ലാത്തവരിൽ (ജാതി) നിന്നും യേശുക്രിസ്തുവിൽ വിശ്വസിച്ച് ദൈവമക്കൾ ആകുന്നവരുടെ സമൂഹമാണ് സഭ. ക്രിസ്തുവിൽ എല്ലാവരും ഒന്നാണ്. വിഭാഗീയത അക്രൈസ്തവമാണ്. പരിശുദ്ധാത്മാവിൽ പാടിയും പറഞ്ഞും നിറഞ്ഞും നടക്കുന്നവരിലും വിഭാഗീയത നടമാടുന്നു എങ്കിൽ അവർ ഈ ലോകത്തിനു അനുരൂപരാണ് ആത്മീയരല്ല. ❑

# കുടുംബജീവിത വെല്ലുവിളികൾ

ഡോ. ഉമ്മൻ ഫിലിപ്, ടൊറന്റോ, കാനഡ



**ഡോ. ഉമ്മൻ ഫിലിപ്പ് എഴുതിയ "സന്തുഷ്ട ക്രിസ്തീയ കുടുംബം" എന്ന പുസ്തകത്തിൽ നിന്നും**

കുടുംബജീവിത തകർച്ചകളെക്കുറിച്ചുള്ള സംഭ്രമജനകങ്ങളായ വാർത്തകളാണ് നാൾതോറും പൊതുവെ കേട്ടുകൊണ്ടിരിക്കുന്നത്. ഒരു കാലത്ത് പാശ്ചാത്യ സംസ്കാരത്തിന്റെയും സിനിമാലോകത്തിന്റെയും ഭാഗമായിരുന്ന ഇത്തരം സംഭവങ്ങൾ ഇന്ന് വിശ്വാസഗോളത്തിലും അലയടിച്ചുകൊണ്ടിരിക്കുന്നു. മുമ്പൊക്കെ സഹിച്ചു ക്ഷമിച്ചും പോയിരുന്ന കുടുംബജീവിതപ്രശ്നങ്ങൾ ഇന്ന് മറയില്ലാതെ പുറത്തുവന്നു കൊണ്ടിരിക്കുന്ന കാഴ്ച ഹൃദയഭേദകം തന്നെയാണ്. കേരളത്തിലെ ഒരു കുടുംബകോടതിയിലെ വിവാഹമോചന ഹർജ്ജികളിൽ ഏതാണ്ട് 20% വേർപെട്ട ക്രൈസ്തവ സമൂഹങ്ങളിലെ ദമ്പതികളുടേതാണ് എന്ന് അറിവാൻ ഇടയായി. ഇത് അത്യന്തം ദാരുണവും ഭയാനകവുമായ ഒരു വസ്തുതയാണ്. വിശ്വാസികളുടെയും അവരുടെ മക്കളുടെയും കുടുംബങ്ങളിൽ എന്താണ് കുടുംബതകർച്ച അടിക്കടി സംഭവിച്ചുകൊണ്ടിരിക്കുന്നത്? എവിടെയാണ് അവർ പരാജയപ്പെടുന്നത്? ക്രിസ്തീയ കുടുംബങ്ങൾ നേരിടുന്ന ആത്മികവും മാനസികവും സാമൂഹ്യവുമായ വെല്ലുവിളികൾ എന്തൊക്കെയാണ്? എന്തെല്ലാമാണ് ഇവയ്ക്കുള്ള കാരണങ്ങൾ? ഇതിനെയൊക്കെ എങ്ങനെ അതിജീവിക്കാം? തകർന്നു തരിപ്പണമാകുന്നതിനുമുമ്പേ ഈ കുടുംബങ്ങളെ എങ്ങനെ രക്ഷപ്പെടുത്താം? സ്നേഹത്തിലും ഐക്യമത്യത്തിലും ഈ കുടുംബജീവിതങ്ങളെ കാത്തുസൂക്ഷിക്കുവാനും വിജയപാതയിൽകൂടി നയിക്കാനും എന്താണ് ചെയ്യാൻ സാധിക്കുക? ഗൗരവമേറിയ ചോദ്യങ്ങൾ തന്നെയാണ് ഇവയൊക്കെ എന്നതിൽ സംശയമില്ല.

കുടുംബങ്ങൾ തകരുന്നതുമൂലം കുടുംബാംഗങ്ങളുടെ സമാധാനവും സന്തോഷവും ഇല്ലാതെയാകുന്നു. തന്മൂലം ചിലരെങ്കിലും ചിലമാനസിക രോഗങ്ങൾക്കും ശാരീരിക അസ്വസ്ഥതകൾക്കും ഇരയായിത്തീരുന്നു. ഒട്ടനവധി മിഥുനങ്ങൾ തകർന്ന ബന്ധങ്ങളുടെ തടവറയിൽ ജീവിതം തള്ളിനീക്കുന്നു. പലരുടെയും കുഞ്ഞുങ്ങൾ ദമ്പതികളുടെ വൈകാരിക യുദ്ധങ്ങളുടെ ഇടയിൽ അനാഥരായ ആട്ടിൻകുട്ടികളെപ്പോലെ ഞെരുങ്ങി ഞെരുങ്ങി വേദനപ്പെട്ട് ജീവിക്കയും അനേക കുഞ്ഞുങ്ങൾ ദൈവസ്നേഹത്തിൽ നിന്നും അകന്നു പോകുകയും ചെയ്യുന്നു. കുടുംബ/ ദാമ്പത്യ ജീവിത പ്രശ്നങ്ങളാകുന്ന തീച്ചൂളയിലേക്ക് പക്ഷപാതപരമായ ഇടപെടലുകളാകുന്ന എണ്ണ ഒഴിച്ചുകൊടുക്കുന്ന അനേക മാതാപിതാക്കളും ബന്ധുമിത്രാദികളും ഈ അഗ്നിയെ ആളിക്കത്തിക്കുന്നു എന്നുള്ളതും മറച്ചുവയ്ക്കാൻ സാധ്യമല്ല. പലയിടത്തും സഭാശുശ്രൂഷകന്മാർ നിസ്സഹായരായി നോക്കി നില്ക്കുന്നു. കുടുംബത്തിന്റെയും സഭയുടെയും സാക്ഷ്യം ഇതുമൂലം തകർന്നടിയുന്നു.

അനേക ദമ്പതികൾ തികച്ചും അഭിനയ കുടുംബജീവിതമാണ് നയിച്ചുകൊണ്ടിരിക്കു

ന്നത് എന്നത് ഒരു വസ്തുതയാണ്. മറ്റുള്ളവരുടെ മുമ്പിൽ അവർ സന്തോഷം അഭിനയിച്ച് ഒരു നാടകംപോലെ ജീവിതം തള്ളിനീക്കുകയാണ്. ഈ അഭിനേതാക്കൾ ഒന്നിച്ച് തിരുവത്താഴത്തിൽ സംബന്ധിക്കുന്നു. പലരും പ്രസംഗിക്കുന്നു. ഒട്ടേറെ പേർ പല ആത്മീയ ശുശ്രൂഷകളിലും പ്രസ്ഥാനങ്ങളിലും ഉത്സാഹത്തോടെയെന്നവണ്ണം പങ്കെടുക്കുന്നു. ഇങ്ങനെയൊക്കെ അവർക്ക് മനുഷ്യരെ കബളിപ്പിക്കാൻ സാധിച്ചേക്കാം, എന്നാൽ ദൈവത്തെ കബളിപ്പിക്കാൻ കഴിയില്ലല്ലോ. അവർക്ക് ഭവനത്തിൽ ഭാര്യാഭർത്തൃബന്ധമില്ല. കുടുംബപ്രാർത്ഥന ഇല്ലാതായിട്ട് നാളുകൾ ഏറെയായി. ഓരോരുത്തനും തനിയെ ഇരുന്ന് ആഹാരം കഴിക്കുന്നു. അവരുടെ മേശയ്ക്കുചുറ്റും 'ഒലിവു തൈകളായ മക്കൾ" ഇല്ല. പല ദമ്പതികളും മക്കളിൽക്കൂടി അന്യോന്യം ആശയവിനിമയം നടത്തുന്നു. ഭവനത്തിൽ ഒന്നുകിൽ എല്ലാവരും മൂകരാണ്; അല്ലെങ്കിൽ ദമ്പതികൾ പരസ്പരം ജഡിക വാക്പോരാട്ടങ്ങൾ തന്നെ നടത്തുന്നു. പലരും അന്യോന്യം കുറ്റം ചുമത്തുകയും, വെല്ലുവിളിക്കുകയും, ഭീഷണിപ്പെടുത്തുകയും ചെയ്യുന്ന ദിനരാത്രങ്ങൾ സാധാരണയാണ്. ജയഘോഷഗാനങ്ങൾ കേൾക്കേണ്ട ഈ ഭവനങ്ങളിൽ പോർവിളികളും ശാരീരിക-മാനസിക കൊടുംപീഡനങ്ങളും ക്രൂരതകളും സംഭവിച്ചുകൊണ്ടിരിക്കുന്നു. പലരും നാളുകളായി പിരിഞ്ഞ് താമസിക്കുന്നു. മക്കൾ ഭയപ്പാടോടെയും വേദനയോടെയും വളരുന്നു. അവർ മാതാപിതാക്കളുടെ സ്നേഹത്തിനുവേണ്ടി ദാഹിക്കുന്നു. ദമ്പതികളുടെ ഹൃദയങ്ങൾ ദിവസേനയെന്നോളം അകന്നകന്നു പോകുന്നു. പലപ്പോഴും പരിഹരിക്കാൻ സാധിക്കാത്തനിലയിൽ കാര്യങ്ങൾ എത്തുമ്പോഴാണ് പുറംലോകം ഇതൊക്കെ അറിയുന്നത്. പിന്നെ വ്യാഖ്യാനങ്ങൾ, പക്ഷംപിടുത്തം, കുറ്റംപറച്ചിൽ, വാർത്ത പരത്തൽ ഇതൊക്കെ സംഭവിക്കുന്നു. ചിലർ മനഃശാസ്ത്രജ്ഞന്മാരെ സമീപിക്കുമ്പോൾ അവർ മനഃശാസ്ത്രവിശകലനത്തിൽകൂടി "ഇനിയും പിരിയുന്നതാണ് ഏക പോംവഴി" എന്ന ഉപദേശം കൊടുക്കുന്നത് സർവ്വസാധാരണമാണ്. പിന്നെ കുടുംബകോടതിയും വക്കീലാഫീസിലും പിരിച്ചിലും പുനർവിവാഹചിന്തകളും കൂട്ടം തെറ്റുന്ന കുഞ്ഞുങ്ങളും തകരുന്ന സാക്ഷ്യവും എന്ന നിലയിലേക്ക് കാര്യങ്ങൾ എത്തുന്നു. ഇവർക്കുവേണ്ടി "വിടവിൽ നില്ക്കേണ്ടവരായ" അനേകരും നിശബ്ദത പാലിക്കുന്നു. ഇവരുടെ കഠിനഹൃദയവും തഴമ്പിച്ച മനഃസാക്ഷിയും മൂലം അവരെ സഹായിക്കാൻ താത്പര്യം ഉള്ളവർപ്പോലും നിസഹായരായി നോക്കി നില്ക്കുന്നു.

അതിദാരുണമായ ഇത്തരം സ്ഥിതിവിശേഷം എങ്ങനെ സംജാതമാകുന്നു എന്നു വേദപുസ്തകാടിസ്ഥാനത്തിൽ വിശകലനം ചെയ്താൽ മിക്കപ്പോഴും കാരണം അനാത്മികത്വമാണെന്നു മനസ്സിലാക്കാൻ പ്രയാസമില്ല. ഏകാകികളെ കുടുംബത്തിൽ വസിക്കുമാറാക്കുന്ന ദൈവത്തിന് (സങ്കീർത്തനം 68:6) അവരെ കുടുംബത്തിൽ നിലനിർത്തുവാനും സാധിക്കും എന്നത് തർക്കമില്ലാത്ത സംഗതിയാണല്ലോ. എന്നാൽ തങ്ങളെ ഒന്നിച്ച് വസിക്കുമാറാക്കിയ ദൈവത്തെ തന്നെ തങ്ങളെ ഒന്നിച്ചു നിലനിർത്തുന്ന കാര്യംകൂടെ ഏല്പിച്ചുകൊടുത്താൽ ദൈവം അവരെ തീർച്ചയായും നിലനിർത്തും എന്നതിൽ സംശയമില്ല. പക്ഷേ ദമ്പതികളും ബന്ധുജനങ്ങളും മിത്രങ്ങളും ചേർന്നു കാര്യങ്ങൾ സ്വന്തവിവേകത്തിൽ കൈകാര്യം ചെയ്യുന്നതുകൊണ്ടാണ് പലപ്പോഴും സ്ഥിതിഗതികൾ നിയന്ത്രണവിധേയമല്ലാതായിത്തീരുന്നത്.

വിവാഹം സ്വർഗ്ഗത്തിൽ നടക്കുന്നു എന്നു നാം പറയാറുണ്ടല്ലോ. എന്നാൽ വിവാഹജീവിതം നയിക്കേണ്ടത് ഭൂമിയിലെ സാഹചര്യത്തിലാണ് എന്ന കാര്യം വിസ്മരിച്ചുകൂടാ. പാപത്തിന്റെ സാന്നിദ്ധ്യമുള്ള ലോകത്തിൽ പാപസ്വഭാവമുള്ള ശരീരത്തിൽ വസിക്കുന്നവരുടെ

കുടുംബജീവിതങ്ങൾ നിലനില്ക്കണം എങ്കിൽ ദൈവികപ്രമാണങ്ങൾ പാലിക്കുവാൻ ദമ്പതികളും അവരുടെ ബന്ധുമിത്രാദികളും ബദ്ധശ്രദ്ധർ ആയിരിക്കേണ്ടതാണ്. ഈ പ്രമാണങ്ങൾ എല്ലാം തന്നെ ദൈവവചനത്തിൽ നമുക്ക് കാണാവുന്നതാണ്. ദൈവവചനം വിവാഹജീവിതവുമായി ബന്ധപ്പെട്ട എല്ലാകാര്യങ്ങൾക്കും ഏറ്റവും ഉത്തമവഴികാട്ടിയാണ്. ദൈവവചനം കുടുംബജീവിതത്തിനുള്ള ശക്തിദുർഗ്ഗമാണ്. വചനത്തിൽ ഭാര്യാഭർത്താക്കന്മാർക്കും മക്കൾക്കും അനവധി കല്പനകളും മാതൃകകളും മുന്നറിയിപ്പുകളും നല്കിയിട്ടുണ്ട്. കുടുംബജീവിതത്തിൽ ഉണ്ടായിരിക്കേണ്ട ദൈവഹിതത്തിന്റെ പരിപൂർണ്ണചിത്രം വചനത്തിൽ നമുക്കു ദർശിക്കാവുന്നതാണ്. വചനത്തിന്റെ എഴുത്തുകാരനായ പരിശുദ്ധാത്മാവ് ഈ പ്രമാണങ്ങൾ പാലിക്കാൻ ദമ്പതികൾക്ക് ശക്തിനല്കുകയും അവരുടെ വീഴ്ചകളെയും കുറവുകളെയും ഓർമ്മിപ്പിച്ചുണർത്തുകയും ചെയ്യുന്നു. ദൈവവചാനുസരണമായ ദാമ്പത്യം പ്രാർത്ഥനയിൽക്കൂടെയുള്ള ആത്മീയ ഊർജ്ജത്താൽ സമ്പുഷ്ടപ്പെടേണ്ടതാണ് (1 പത്രൊസ്. 3:7).

ദൈവവചനത്തെയും ദൈവാത്മാവിനെയും പ്രാർത്ഥനയിൽക്കൂടെയുള്ള ശക്തിയെയും ആശ്രയിക്കാതെ സ്വയാശ്രയത്തിലും ജഡികചിന്താഗതികളിലും പ്രതികരണങ്ങളിലും പെട്ടുപോകുന്നവരാണ് ദാമ്പത്യ അസഹിഷ്ണുതയിലേക്ക് ചാഞ്ഞ് പരാജയത്തിന്റെ പടുകുഴിയിൽ നിപതിക്കുന്നത്. എങ്കിലും ദൈവത്തിങ്കലേക്കും വചനത്തിലേക്കും ദൈവാത്മാവിലേക്കും പ്രാർത്ഥനയിലെ പോരാട്ടത്തിലേക്കും മടങ്ങിവരാൻ ദമ്പതികൾക്കായി ദൈവം വാതിൽ തുറന്നിട്ടിരിക്കുന്നു. പരാജയങ്ങളെയും തെറ്റുകളെയും ഏറ്റുപറയുന്നവരെ യഥാസ്ഥാനപ്പെടുത്താൻ ദൈവം മനസ്സുള്ളവനാണ്. അങ്ങനെ പുതുക്കപ്പെട്ട കുടുംബജീവിതത്തിലേക്ക് തിരിച്ചുചെല്ലാൻ സാധിക്കും.

ദാമ്പത്യജീവിതത്തിൽ പ്രശ്നങ്ങൾ ഉണ്ടാകാൻ പലപ്പോഴും സാധ്യതയുണ്ട്. ദമ്പതികൾ രണ്ടുപേരും വ്യത്യസ്ത വ്യക്തിത്വം, സ്വഭാവം, കുടുംബപശ്ചാത്തലം, സംസ്കാരം, ഭൗതികനിലവാരം, ആത്മികനില ഇവ ഉള്ളവരായിരിക്കുമെന്നതിനാൽ ചിലപ്പോഴൊക്കെ ഇടർച്ച ഉണ്ടായി എന്നുവരാം. എന്നാൽ അത് വെറുപ്പിലും വിദ്വേഷത്തിലും വൈരാഗ്യത്തിലും പീഡനത്തിലും പരിഹാസത്തിലും ഒക്കെ എത്തിച്ചേരാതെയിരിക്കാൻ ജാഗരൂകരായിരിക്കണം. ഇടർച്ച ഉണ്ടായാൽ തുടക്കത്തിൽ തന്നെ അത് ക്രൂശിന്റെ ചുവട്ടിൽ ക്ഷമയോടെ സമർപ്പിച്ച് പരിഹാരം കാണാനുള്ള സന്നദ്ധതയും സത്യസന്ധതയും വിവേകവും പക്വതയും ആത്മാവിന്റെ നിന്ത്രണവുമാണ് ദാമ്പത്യബുദ്ധിമുട്ടുകൾക്കുള്ള പരിഹാരം. തുടക്കത്തിൽത്തന്നെ ആത്മികമായും വചനാനുസരണവുമുള്ള പരിഹാരത്തിന് പ്രാർത്ഥനയോടെ ശ്രമിക്കുക അത്യന്താപേക്ഷിതമാണ്. താമസിപ്പിച്ചാൽ പരിഹാരം ബുദ്ധിമുട്ടുള്ളതായി തീരും. ഹൃദയങ്ങൾ അകന്നു പോകാതെ സൂക്ഷിക്കുകയും ദൈവസന്നിധിയിൽ പരിഹാരത്തിനായി കടന്നുചെല്ലുകയും ചെയ്യുക. എങ്കിൽ ദമ്പതികളേ! സന്തോഷകരമായ കുടുംബജീവിതം ദൈവം നിങ്ങൾക്ക് പ്രദാനം ചെയ്യും. ❑

**“അങ്ങനെ തന്നേ ഭർത്താക്കന്മാരേ, നിങ്ങളുടെ പ്രാർത്ഥനെക്കു മുടക്കം വരാതിരിക്കേണ്ടതിന്നു വിവേകത്തോടെ ഭാര്യമാരോടുകൂടെ വസിച്ചു, സ്ത്രീജനം ബലഹീനപാത്രം എന്നും അവർ ജീവന്റെ കൃപെക്കു കൂട്ടവകാശികൾ എന്നും ഓർത്തു അവർക്കു ബഹുമാനം കൊടുപ്പിൻ”**

**1 പത്രൊസ്. 3:7**

# യേശുവിന്റെ നോട്ടം
## -തുടർച്ച-

മേരി അഞ്ചൻ, തുംകൂർ



യേശുക്രിസ്തുവിന്റെ പരസ്യശുശ്രൂഷ ആരംഭിച്ചപ്പോൾ തന്റെ അനുയായികളായി പന്ത്രണ്ടു ശിഷ്യന്മാരെ തിരഞ്ഞെടുത്തു. സഹോദരന്മാരായ അന്ത്രെയാസ്, പത്രൊസ് എന്ന മീൻപിടുത്തക്കാരെയാണ് ആദ്യമായി ആഹ്വാനം ചെയ്തത്. അവർ പടകും, വലയും വിട്ട് അവനെ അനുഗമിച്ചു. അനന്തരം സെബെദിപുത്രന്മാരായ യാക്കോബിനെയും, യോഹന്നാനെയും വിളിച്ചു. അവർ വെറും മീൻപിടുത്തക്കാർ മാത്രമായിരുന്നില്ല, അവർ അപ്പനായ സെബെദിയെ കൂലിക്കാരോടുകൂടെ പടകിൽ വിട്ടു അവനെ അനുഗമിച്ച് എന്നു വായിക്കുന്നതിനാൽ (മർക്കൊസ് 1:19-20) അവർ വൻതോതിൽ മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരുന്നവരും, നല്ല സാമ്പത്തിക നിലവാരം ഉണ്ടായിരുന്നവരുമായിരുന്നു എന്ന് അനുമാനിക്കാം. അനന്തരം യേശു കടന്നുപോയപ്പോൾ ചുങ്കസ്ഥലത്ത് ഇരുന്ന മത്തായി എന്ന ചുങ്കക്കാരൻ കർത്താവിന്റെ വിളി അനുസരിച്ച് അവനെ അനുഗമിച്ചു. മത്തായി യഹൂദൻ ആയിരുന്നു എങ്കിലും, റോമാ ഗവൺമെന്റിന്റെ കീഴിലെ ചുങ്കം (കരം) പിരിക്കുന്ന ഉദ്യോഗസ്ഥനായിരുന്നതിനാൽ ശാസ്ത്രിമാരും പരീശന്മാരും ചുങ്കക്കാരെ വെറുത്തിരുന്നു; എന്നു മാത്രമല്ല അവരെ പാപികളായി ഗണിച്ചിരുന്നു. നിഷ്കൃഷ്ടമായ ആചാരാനുഷ്ഠാനകർമ്മങ്ങൾ പാലിക്കാത്തവരെയെല്ലാം പാപികളായി പരീശന്മാർ കണക്കാക്കിയിരുന്നു. "ചുങ്കക്കാരുടെയും പാപികളുടെയും സ്നേഹിതൻ" എന്ന കുറ്റം യേശുവിന്റെ മേൽ ചുമത്തിയതിനാൽ കർത്താവ് ലൂക്കൊസ് 18: 9-14 ൽ ഒരു ചുങ്കക്കാരന്റെയും പരീശന്റെയും ഉപമ അവരോട് പറഞ്ഞത് സ്മരണാർഹം! സ്വയനീതിക്കാരനായ പരീശന്റെ പ്രാർത്ഥന ഇപ്രകാരമായിരുന്നു. "ദൈവമേ, പിടിച്ചുപറിക്കാർ, നീതികെട്ടവർ, വ്യഭിചാരികൾ മുതലായ ശേഷം മനുഷ്യരെപ്പോലെയോ ഈ നില്ക്കുന്ന ചുങ്കക്കാരനെപ്പോലെയോ ഞാൻ അല്ലായ്കയാൽ നിന്നെ വാഴ്ത്തുന്നു".

നമ്മുടെ കഥാനായകൻ 'സക്കായി' എന്നയാൾ റോമാ ഗവൺമെന്റിന്റെ കരംപിരിവുദ്യോഗസ്ഥനായിരുന്നു. തിരസ്ക്കരിക്കപ്പെട്ട ചുങ്കക്കാരനെയും തന്റെ ശിഷ്യഗണത്തിൽ ഉൾപ്പെടുത്തി. അവരുടെ ഭവനങ്ങളിൽ അവരോടൊന്നിച്ച് ഭക്ഷിക്കുകയും ചെയ്ത ഈ "യഹൂദറബ്ബി"യെക്കുറിച്ചു സക്കായി കേട്ടിരുന്നു. അന്നൊരു നാൾ യേശുവും ശിഷ്യഗണവും വലിയ പുരുഷാരവും, കുറ്റം ചുമത്തുവാനായി പരീശന്മാരും ശാസ്ത്രികളും അടങ്ങിയ വലിയൊരു ജനതതി കടന്നു വരുന്നതറിഞ്ഞ സക്കായിക്ക് ഈ യേശുവിനെ ഒന്നു കാണണമെന്ന കുതുഹലമുണ്ടായി. വെറും ഒരു കാഴ്ചക്കാരൻ!

എന്നാൽ തനിക്കു പല പരിമിതികളും ഉണ്ടായിരുന്നു. നികുതി പിരിക്കുന്നവരുടെ മേലുദ്യോഗസ്ഥനും, ധനവാനും ആയിരുന്ന സക്കായി യഹൂദ സമൂഹത്താൽ തിരസ്കരിക്കപ്പെട്ടവനായിരുന്നു. എല്ലാറ്റിനും ഉപരി വളർച്ചയിൽ കുറിയവൻ ആയിരുന്നതിനാൽ പുരുഷാരത്തിനിടയിൽ നിന്നും യേശുവിനെ കാണുന്നത് അസാധ്യമായിരുന്നു. ഇത്രമാത്രം പ്രസിദ്ധിയാർജ്ജിച്ചിരിക്കുന്നവനും, ചുങ്കക്കാരുടെയും

പാപികളുടെയും സ്നേഹിതനും ആയിരുന്ന ഈ യേശുവിനെ ഒന്നു കാണുക തന്നെയെന്ന് അവൻ തീരുമാനിച്ചു. അവൻ ജനക്കൂട്ടത്തിനിടയിൽ കൂടെ മുമ്പോട്ടോടി ഒരു വൃക്ഷത്തിന്മേൽ ഇരിപ്പുറപ്പിച്ചു. ഒരു ധനികനായ ഉദ്യോഗസ്ഥൻ ഓടിയ കാഴ്ച അനേകരും കൗതുകത്തോടെ വീക്ഷിച്ചിരിക്കാം. സക്കായി ആകട്ടെ ഏതു വിധേനയും യേശുവിനെ ഒന്നു കാണാൻ തീരുമാനിച്ചു യേശു അവനെ കാണുമെന്ന് അവൻ സ്വപ്നേപി വിചാരിച്ചില്ല.

എന്നാൽ അതു പെട്ടെന്നു സംഭവിച്ചു. ആ വലിയ പുരുഷാരത്തോടൊപ്പം യേശു ആ വൃക്ഷച്ചുവട്ടിലെത്തിയപ്പോൾ മേലോട്ടു നോക്കി. ചുങ്കക്കാരനും, സമൂഹത്താൽ വെറുക്കപ്പെട്ടവനുമായ സക്കായിയുടെ കണ്ണുകൾ യേശുവിന്റെ കണ്ണുകളുമായി കൂട്ടിമുട്ടിയ ആ സന്ദർഭം! അവനെ ഒരിക്കലും കണ്ടിട്ടില്ലാതിരുന്ന യേശു അവനെ നോക്കി "സക്കായിയേ, വേഗം ഇറങ്ങി വാ" എന്നു പേർ ചൊല്ലി വിളിച്ചു". ഞാൻ ഇന്നു നിന്റെ വീട്ടിൽ പാർക്കേണ്ടതാകുന്നു" ! തന്റെ ഭവനത്തിൽ തന്നോടുകൂടെ പാർക്കാൻ തീരുമാനിച്ചിരിക്കുന്ന ഈ യേശു സാധാരണ മനുഷ്യനല്ല എന്ന തിരിച്ചറിവു സക്കായിക്ക് ഉണ്ടായി. വൃക്ഷത്തിൽ നിന്ന് ഇറങ്ങി യേശുവിന്റെ സമീപത്ത് എത്തി. ചുരുക്കം ചില നിമിഷങ്ങൾക്കുള്ളിൽ അവന് അനുതാപവും മാനസാന്തരവുമുണ്ടായി. യേശുവിന്റെ ഒരു നോട്ടം! ഒരു ആഹ്വാനം! ധനവാനായിരുന്ന സക്കായി അന്യായമായി സമ്പാദിച്ചതൊക്കെയും മടക്കിക്കൊടുക്കുക മാത്രമല്ല അവന്റെ സമ്പത്തിന്റെ പകുതി ദരിദ്രർക്കു നല്കുവാൻ തീരുമാനിക്കുകയും ചെയ്തു. ധനവാനായ പരീശപ്രമാണി നിത്യജീവന്റെ മാർഗ്ഗം തേടി കർത്താവിനെ സമീപിച്ചപ്പോൾ "നിനക്കുള്ളതു വിറ്റ് ദരിദ്രർക്കു നല്കുക" എന്ന കർത്താവിന്റെ വ്യവസ്ഥയിൽ അതിദുഃഖിതനായി പുറപ്പെട്ടു പോയ സംഭവം ഇത്തരുണത്തിൽ സ്മരണാർഹമാണ്. സക്കായി ആകട്ടെ ആരുടെയും സമ്മർദ്ദം കൂടാതെ തീരുമാനിച്ചത് യഥാർത്ഥ മാനസാന്തരത്തിന്റെ ഫലമായിട്ടാണ്. അന്ന് കർത്താവ് അവന്റെ ഹൃദയത്തിൽ മാത്രമല്ല, അവന്റെ ഭവനത്തിലും പ്രവേശിച്ചു, അവനോടുകൂടെ ഭക്ഷണം കഴിച്ചു.

"ഞാൻ വാതില്ക്കൽ നിന്നു മുട്ടുന്നു; ആരെങ്കിലും എന്റെ ശ്ബദം കേട്ടു വാതിൽ തുറന്നാൽ ഞാൻ അവന്റെ അടുക്കൽ ചെന്ന് അവനോടും അവൻ എന്നോടുംകൂടെ അത്താഴം കഴിക്കും". പ്രിയമുള്ളവരേ, ഇതുവരെ കർത്താവിനെ സ്വീകരിച്ചിട്ടില്ലെങ്കിൽ ഇന്നു തന്നെ നിങ്ങളുടെ ഹൃദയത്തിൽ അവനെ സ്വീകരിക്കുക. അവൻ പ്രവേശിക്കട്ടെ. ❑

**യേശു അവനോടു: ഇവനും അബ്രാഹാമിന്റെ മകൻ ആകയാൽ ഇന്നു ഈ വീട്ടിന്നു രക്ഷ വന്നു. കാണാതെ പോയതിനെ തിരഞ്ഞു രക്ഷിപ്പാനല്ലോ മനുഷ്യപുത്രൻ വന്നതു എന്നു പറഞ്ഞു.**

**ലൂക്കൊസ്. 19:9,10**

## Quest -77 -ലെ ശരി ഉത്തരങ്ങൾ അയച്ചവർ

1. ഗ്രേസ് ശാമുവേൽ, ഓമല്ലൂർ, പത്തനംതിട്ട
2. ജെസ്സി മോൻസൺ, കരിയംപ്ലാവ്, തിരുവല്ല
3. സാറാമ്മ ശശി, ചുങ്കപ്പാറ, പത്തനംതിട്ട
4. എത്സി തോമസ്സ്, മീൻതുള്ളി കണ്ണൂർ
5. സൂസൻ ജോൺ, നാലാഞ്ചിറ, തിരുവനന്തപുരം
6. ലീല കെ.വി. പുളിക്കൽ കവല, കോട്ടയം
7. അന്നമ്മ എബ്രഹാം, പെരുമാന്നൂർ, കൊച്ചി
8. സൂസമ്മ എബ്രഹാം, പാമ്പാടി, കോട്ടയം
9. ഷേബ ജസ്റ്റിൻ, കടയ്ക്കാവൂർ, തിരുവനന്തപുരം

Quest 77 ന്റെ ഉത്തരങ്ങൾ അയച്ച ഏവർക്കും നന്ദി. വിജയികൾക്കു ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ.

# A High School Valedictorian's Graduation Address

**Rohan E. John, Hayward, USA**



**G**ood evening, my name is Rohan John, and it's my absolute honor to be able to speak to you today, as one of your valedictorians.

Graduating always seemed so far away when it was someone else up here on the stage, but now that we're here, it's not so far away, is it?

I remember walking into class freshman year for the first time and seeing so many new students. I remember the biggest question in my mind was, "How am I gonna be able to make friends with all these people?"

But this question quickly faded from my mind. High school began quickly, from getting used to being in high school and slowly beginning to find who we are throughout freshman year, to sophomore year as our relationships with each other began to change, as any family endures growing pains when siblings become new people and grow in maturity. Every year was filled with incredible experiences that have all become memories that are a part of who I am as a person; memories that have become part of the living ethos of our class. And before I knew it, time was flying, because that's the way time works: it keeps moving at a steady pace until you realize one day that it's all happened much faster than you ever thought it would.

Time flew despite the uncertainty of where our lives would be going after the beginning of lockdown just a couple months from the end of our junior year, and it kept hurdling forward when we sadly had to grow accustomed to loss and division in our country while settling into a new routine of trying to work with the unexpected and uncertain throughout our senior year.

Right now, I dare you to look back at who you were before, no matter where you were. I know that you were a very different person then, and these last four years have shaped you spiritually and emotionally.

There's a reason we celebrate graduating from high school, and it's because it's not easy. There are always hurdles in high school, the Class of 2021 is no stranger to that concept; but we celebrate because we got here and we've come out stronger because of it.

My biggest question freshman year

might have been, "How am I gonna make friends with everyone?" but in hindsight, I don't know what I was worrying about. Today, I look out and I see the family I've found over the years. I look at the family that I have to leave soon as we all embark onto the next step of our journey, and now my question is: who am I going to be without everyone here? Who will you become once you leave what you know?

I want to continue with the words of Psalm 8, as written in the hymn "The Majesty and Glory of Your Name" by Mrs. Linda Lee Johnson: "When I gaze into the night sky, and see the work of Your fingers. The moon and stars suspended in space. But what is man that You are mindful of him?"

I think back to a few words Jonathan said, that he would look out upon a day and see all possibilities of what he could do; but in the blink of an eye, it was all gone, and the day was fading without him having achieved anything.

And I think we all feel that in our lives because we often feel trapped. We feel like this massive world around us - this world with worsening climate change, increasing humanitarian crises, and more political division in our country - we feel that this world of injustice, pain, and evil weighs down on us, because there's so much we want to do, but it feels like we can't. It feels like the inevitable is that the world will just get worse and worse and that we are trapped.

But the reassurance we have lies in this, the words of Ephesians 2:10: "which God prepared beforehand that we should walk in them."

CS Lewis wrote at the end of The Great Divorce that, we as humans are bound by Time, not as a limitation, but because it gives us choice. If we saw eternity the way that God does, we would simply never have Choice because we would be puppets in the grand scheme of things. But we aren't; we have a choice.

The path is there, and it will always be there. He has prepared us for good works that will further his plan, each work created personally for each and every one of us, but he keeps it a mystery to all of us to make it our choice. We will always walk the path ahead of us; if we decide to participate in the good works God has prepared, they're there; if we decide not to, they aren't, and they never were. Every step we have taken up to this point, whether wrong or right, for pain or for pleasure, for good or for bad, has made us who we are; it was never going to happen any other way, and our future will not happen any other way than it is destined to.

And as one of my uncles put it: the gift of God is free, but it's not really free; you have to give up everything for it. You have to take that leap of faith and decide for yourself if you're willing to give

up everything and take up the good works God has prepared for you. The question before each and every one of you as we go our separate ways into the world is: will you follow God on this path? The works may have been prepared beforehand, but you still have to choose to take part in them.

Redwood Christian High School Class of 2021, we stand at an inflection point in history and our lives. The world is opening up again and the possibilities for the future are returning. Just as we as people need to make decisions about what future we begin to create for the world; just as we as a human race decide what our future will look like in the face of the hardships that lie ahead of us, you as a person are going to decide what the rest of your life looks like.

I implore you, as you go out into a world that you will not recognize as the one you left when you locked yourselves into your home a year ago, remember the promises that God has given us. He's given us time, though we do not know the number of minutes we have remaining; time that we should make the most of before we run out. He's given us talents, whether in arts, humanities, sciences, or any discipline, that we might achieve his purpose and do good in the world to make his glory known to all the nations. He has given so much to us because he intimately cares for each and every one of us. He stitched us together in our mother's womb, not just physically, but spiritually and emotionally because we aren't just tools he is using, but his creation whom he intimately loves. We are who we are because of his love for us and because of the good works he has for us, though in our lives in this world we may never know them. "For we are his workmanship, created in Christ Jesus for good works, which God prepared beforehand that we should walk in them."

Though the unknown is scary, I know with every part of my being that each and every one of us has an important place in God's plan, whether you're going to college, going straight into the workforce, going to the military, or taking another path. Every single step you take, though you do not know where it leads, he knows, and there is meaning to every minute and every second of your life.

Class of 2021, I have seen the incredible things you have done despite the hardships of the last four years, and I know that this is just the beginning. ❑

***Get wisdom, get understanding;***
***do not forget my words or turn away from them.***

***Do not forsake wisdom, and she will protect you;***
***love her, and she will watch over you.***

**Proverb 4:5,6**

# QUEST 78

## (ഈ ലക്കം QUEST –78 ലെ ചോദ്യങ്ങൾ അപ്പൊസ്തല പ്രവൃത്തികളിൽ നിന്നാണ്)

1. സർവ്വജനത്തിനും ധർമ്മോപദേഷ്ടാവായ പരീശൻ ആര്?
2. എലീമാസ് എന്ന പേരിന്റെ അർത്ഥം എന്ത്?
3. "നീ നില്ക്കുന്ന സ്ഥലം വിശുദ്ധഭൂമിയാകയാൽ കാലിലെ ചെരുപ്പ് ഊരിക്കളക" എന്ന് ദൈവം ആരോടാണു അരുളിച്ചെയ്തത്?
4. ദമസ്ക്കോസിലെ കർത്താവിന്റെ ശിഷ്യൻ ആര്?
5. ഇത്താലിക പട്ടാളത്തിലെ ശതാധിപന്റെ പേര് എന്ത്?
6. യോഹന്നാന്റെ സഹോദരനായ യാക്കോബിനെ വാൾകൊണ്ട് കൊന്നത് ആര്?
7. ദേവന്മാർ മനുഷ്യരൂപത്തിൽ ഇറങ്ങിവന്നിരിക്കുന്നു എന്നു ലുസ്ത്രക്കാർ നിലവിളിച്ച ഭാഷ ഏത്?
8. യേശുവിന്റെ ശിഷ്യന്മാർക്ക് ക്രിസ്ത്യാനികൾ എന്ന് പേരുണ്ടായത് എവിടെവച്ച്?
9. കാരാഗൃഹപ്രമാണി സമാധാനത്തോടെ പോകുവാൻ പറഞ്ഞത് ആരോടാണ്?
10. അപ്പൊല്ലോസ് ഏതു ദേശക്കാരനാണ്?
11. മേശകളിൽ ശുശ്രൂഷ ചെയ്യുന്നതിന് എങ്ങനെയുള്ള ഏഴുപേരെയാണ് തിരഞ്ഞെടുത്തത്?
12. വെള്ളികൊണ്ടു അർത്തമീസ് ദേവിയുടെ ക്ഷേത്രരൂപങ്ങളെ ഉണ്ടാക്കുന്നവൻ ആര്?
13. മെലിത്ത ദ്വീപിലെ ദ്വീപുപ്രമാണിയുടെ പേര് എന്ത്?
14. പൗലൊസേ നിനക്കു ഭ്രാന്തുണ്ടു; വിദ്യാബഹുത്വത്താൽ നിനക്കു ഭ്രാന്തു പിടിച്ചിരിക്കുന്നു. ഇങ്ങനെ പറഞ്ഞതാര്?
15. "നാം അവന്റെ സന്താനമല്ലോ" എന്നു പറഞ്ഞിരിക്കുന്നത് ആര്?
16. ബർന്നബാസ് എന്ന വാക്കിന്റെ അർത്ഥം എന്ത്?
17. ശമര്യപട്ടണത്തിൽ ക്രിസ്തുവിനെ പ്രസംഗിച്ച വ്യക്തി ആര്?
18. ഫേലിക്സിന്റെ ഭാര്യയുടെ പേര് എന്ത്?
19. ഫെസ്തോസിനെ വന്ദനം ചെയ്യുവാൻ കൈസര്യയിൽ എത്തിയവർ ആരൊക്കെയാണ്?
20. പരിച്ഛേദന ഏല്ക്കാഞ്ഞാൽ രക്ഷപ്രാപിപ്പാൻ കഴികയില്ല എന്ന് ഉപദേശിച്ചത് ആര്?

## പ്രത്യേക ശ്രദ്ധയ്ക്ക്

**ക്വെസ്റ്റ് 78-ന്റെ ഉത്തരങ്ങൾ റഫറൻസു സഹിതം 2021 ആഗസ്റ്റ് 31 നു മുമ്പായി ഞങ്ങൾക്കു ലഭിക്കത്തക്കവിധം അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.**

**ഉത്തരങ്ങൾ അയയ്ക്കേണ്ട വിലാസം :**

**ക്രൈസ്തവ വനിത, ഗുഡ്ന്യൂസ്, ആക്കുളം റോഡ്, തിരുവനന്തപുരം - 695 011**

## QUEST– 77– ന്റെ ശരി ഉത്തരങ്ങൾ

| | | | |
|---|---|---|---|
| 1. യേശു ലാസറിന്റെ സഹോദരിമാരോട് | യോഹ. 11:4 | 11. പിതാവിനെക്കുറിച്ച് | യോഹ. 7:18 |
| 2. കൂലിക്കാരൻ | യോഹ. 10:12 | 12. യേശുവിനെസ്നേഹിക്കുന്നവൻ | യോഹ. 14:15 |
| 3. പത്രൊസ് | യോഹ. 21:7 | 13. പത്രൊസ് | യോഹ. 6:68 |
| 4. ബേത്ത് സയിദ | യോഹ. 12:21 | 14. സത്യാത്മാവ് | യോഹ. 15:26 |
| 5. നസറായനായ യേശു യഹൂദന്മാരുടെ രാജാവ് | യോഹ. 19:19 | 15. യേശുക്രിസ്തുവിനെ | യോഹ. 17:24 |
| 6. അയക്കപ്പെട്ടവൻ | യോഹ. 9:7 | 16. ശബ്ബത്തായിരുന്നതുകൊണ്ട് | യോഹ. 5:10 |
| 7. ബറബ്ബാസ് | യോഹ. 18:40 | 17. കഫർന്നഹൂം | യോഹ. 4:46 |
| 8. യേശു | യോഹ. 8:32 | 18. പരിശുദ്ധാത്മാവ് | യോഹ. 16:8 |
| 9. പത്രൊസ് | യോഹ. 13:9 | 19. നിക്കോദേമൊസ് യേശുവിനോട് | യോഹ. 3:4 |
| 10. നഥനയേൽ | യോഹ. 1:47 | 20. ദിദിമൊസ് | യോഹ. 20:24 |

# നയിക്കെന്നെ കാൽവറിയിൽ



King of my life, I crown Thee - തർജ്ജമ : മേരി കുരവയ്ക്കൽ,
ഹ്യൂസ്റ്റൺ, യു. എസ്. എ.

എൻ ജീവരാജാ വാഴ്ക നീ
നിൻ മഹത്ത്വം പാടീടും
മുൾക്കിരീടം ഞാൻ മറക്കായ്‌വാൻ
നയിക്കെന്നെ കാൽവറിയിൽ

ഗത്സമന ഞാൻ മറക്കായ്‌വാൻ
നിൻ വ്യഥ ഞാൻ മറക്കായ്‌വാൻ
നിൻ സ്നേഹം ഞാൻ മറക്കായ്‌വാൻ
നയിക്കെന്നെ കാൽവറിയിൽ

ദർശിക്കട്ടെ ഞാൻ നിൻ കല്ലറ
ദുഃഖത്താൽ വിലപിച്ചവർ
മിന്നും പ്രഭയേറും ദൂതന്മാർ
കാവലുണ്ടായിരുന്നു.

ഗത്സമന ഞാൻ മറക്കായ്‌വാൻ
നിൻ വ്യഥ ഞാൻ മറക്കായ്‌വാൻ
നിൻ സ്നേഹം ഞാൻ മറക്കായ്‌വാൻ
നയിക്കെന്നെ കാൽവറിയിൽ


മറിയയെപ്പോൽ ഞാൻ വന്നിടട്ടെ
ഉപഹാരം വഹിച്ചുകൊണ്ട്
കാണിക്കുകെന്നെ നിൻ ഒഴിക്കല്ലറ
നയിക്കെന്നെ കാൽവറിയിൽ

ഗത്സമന ഞാൻ മറക്കായ്‌വാൻ
നിൻ വ്യഥ ഞാൻ മറക്കായ്‌വാൻ
നിൻ സ്നേഹം ഞാൻ മറക്കായ്‌വാൻ
നയിക്കെന്നെ കാൽവറിയിൽ

എന്നുടെ ക്രൂശ് ഞാൻ വഹിക്കട്ടെ
ദിനംതോറും നിനക്കായി
ദുഃഖത്തിൻ പാനപാത്രവും നീ
വഹിച്ചെല്ലാം എനിക്കായി

ഗത്സമന ഞാൻ മറക്കായ്‌വാൻ
നിൻ വ്യഥ ഞാൻ മറക്കായ്‌വാൻ
നിൻ സ്നേഹം ഞാൻ മറക്കായ്‌വാൻ
നയിക്കെന്നെ കാൽവറിയിൽ

# ‘വിശ്വാസത്തിന്റെ ബലിപീഠത്തിൽ’




സഹോദരി മേരി അഞ്ചൻ രചിച്ച ഈ ഗ്രന്ഥം വിശ്വാസ സമൂഹം, സഭയുടെ ആദ്യകാലം മുതൽ നേരിട്ട പീഡനങ്ങളുടെ ഒരു വിവരണമാണ്. 51 ചെറിയ അദ്ധ്യായങ്ങളിലായി സഭാ ചരിത്രത്തിൽ വിശ്വാസികൾ നേരിടേണ്ടി വന്ന പീഡനങ്ങളും അവർ അതിനെ നേരിട്ട വിധവും പ്രതിപാദിക്കുന്നു.

1974 –ലും 1978 –ലും അതിനു ശേഷം ഈ വർഷവും പുനഃപ്രസിദ്ധീകരിച്ച പ്രസ്തുത ഗ്രന്ഥത്തിലെ വിവരണങ്ങൾ ഇക്കാലത്തു ജീവിക്കുന്ന വിശ്വാസസമൂഹത്തിന് ഒരു വെല്ലുവിളിയും അതോടൊപ്പം യാഥാർത്ഥ്യങ്ങളെ നേരിടാനുള്ള ധൈര്യവും പകരുന്നു.

**ഈ പുസ്തകം ആവശ്യമുള്ളവർ താഴെക്കാണുന്ന ഏതെങ്കിലും വിലാസത്തിൽ ബന്ധപ്പെടുക.**
**പുസ്തകത്തിന്റെ വില ഒരു കോപ്പി Rs. 150/-**

The Director
Good News Ministries
Akkulam Road,
Trivandrum - 695 011
Tel: 9087144349

The Manager
Evangelical Literature Service
Kesavadasapuram
Trivandrum

Published by George John, Good News, Akkulam Road, Trivandrum 695 011
Printed at Grace Printers, Muttada. Mob: 9447059891